# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2022 ഡിസംബർ 1 | ദീപം 55 | നാളം 38 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# ലോകം ഉറങ്ങുന്നില്ല!

## കാൽപ്പന്തുകളിയുടെ മാമാങ്കത്തിന് വർണോജ്ജ്വലതുടക്കം





മൂല്യാധിഷ്ഠിത പത്രപ്രവർത്തനത്തിന്റെ 55 – ാം വർഷം

# പാലാ ടൗൺ കപ്പേളയിൽ
# അമലോദ്ഭവമാതാവിന്റെ ജൂബിലിത്തിരുനാൾ

**2022 ഡിസംബർ 1 വ്യാഴം മുതൽ 8 വ്യാഴം വരെ**

## ജൂബിലിത്തിരുനാൾ പാലായ്ക്കു പുണ്യദിനം

ചരിത്രപ്രസിദ്ധമായ പാലാ ടൗൺ കപ്പേളയിൽ പരിശുദ്ധ അമലോത്ഭവമാതാവിന്റെ ജൂബിലിത്തിരുനാൾ. ഡിസംബർ 8-പ്രധാന തിരുനാൾ ദിനം. പാലാക്കാർ മുഴുവനും മാതാവിന്റെ മുമ്പിൽ ഒത്തുചേരുന്ന പുണ്യദിനം! അമ്മയുടെ അനുഗ്രഹങ്ങളുടെ കരങ്ങൾ പാലായുടെമേൽ വിരിയുന്ന മനോഹരമുഹൂർത്തം! ജൂബിലിത്തിരുനാൾ പാലാക്കാർക്ക് ആത്മീയനിർവൃതിയുടെ നിമിഷങ്ങളാണ്.

തങ്ങളുടെ സംരക്ഷകയായ അമ്മയുടെ മുമ്പിൽ കൂപ്പുകൈകളോടെ പ്രാർത്ഥനാനിരതരായി നില്ക്കുന്ന പതിനായിരങ്ങൾ പങ്കെടുക്കുന്ന ജൂബിലിത്തിരുനാൾ പാലായുടെ ദേശീയോത്സവംപോലെ ആഘോഷപൂർവ്വം നടത്താൻ പാലാക്കാർ യാതൊരു മടിയും കാണിച്ചിരുന്നില്ല, ഇപ്പോഴും കാണിക്കുന്നുമില്ല. കപ്പേളയ്ക്കു മുമ്പിൽ മനോഹരമായ പുഷ്പപന്തൽ നിർമ്മിച്ചും നഗരം മുഴുവൻ കൊടിതോരണങ്ങൾ കെട്ടിയും അലങ്കരിച്ചുവരുന്നു. നയനാനന്ദകരമായ വൈദ്യുതദീപാലങ്കാരങ്ങൾകൊണ്ട് കപ്പേളയും പന്തലും നഗരവീഥിയും റോഡിന്റെ ഇരുവശങ്ങളിലുമുള്ള കടകളും പ്രകാശമാനമാക്കുന്നു. ഭക്തിനിർഭരമായ തിരുക്കർമ്മങ്ങളും മണിക്കൂറുകൾ നീളുന്ന നഗരപ്രദക്ഷിണവും ജപമാലപ്രദക്ഷിണവുമെല്ലാം ഈ തിരുനാളിനു മാറ്റുകൂട്ടുന്നു. നാടകമേള, ടൂവീലർ ഫാൻസിഡ്രസ് മത്സരം, ബൈബിളിനെ അടിസ്ഥാനമാക്കിയുള്ള ടാബ്ലോ മത്സരം, സാംസ്കാരികഘോഷയാത്ര തുടങ്ങിയവയാണ് പ്രധാന പരിപാടികൾ. തിരുനാൾ ദിവസങ്ങളിൽ രാവിലെയും വൈകുന്നേരവും ജൂബിലിക്കപ്പേളയിൽ വിശുദ്ധകുർബാനയും ലദീഞ്ഞുമുണ്ട്. പ്രധാന തിരുനാൾ ദിനമായ 8 ന് ഉച്ചയ്ക്കാണ് സാംസ്കാരികഘോഷയാത്ര. 50 ൽപ്പരം കലാരൂപങ്ങൾ ഘോഷയാത്രയിൽ അണിചേരും. ഇതിനൊപ്പമായിരിക്കും ഇത്തവണ ഫാൻസിഡ്രസ്, ടാബ്ലോ മത്സരങ്ങൾ. തിരുനാളിനോടനുബന്ധിച്ച് ഡിസംബർ 1 മുതൽ സി.വൈ.എം.എൽ. സംഘടിപ്പിക്കുന്ന നാടകമേളയും അരങ്ങേറും. 8 ന് രാവിലെ പാലാ സെന്റ് മേരീസ് സ്കൂളിലെ കുട്ടികളുടെ മരിയൻ റാലി പാലാ നഗരത്തെ ഭക്തിസാന്ദ്രമാക്കും.



സ്വർഗവാതിലോളം മുട്ടിനില്ക്കുന്ന പാലാ കുരിശുപള്ളി ആരിലും അദ്ഭുതമുണർത്തും. അമലോത്ഭവമാതാവിന്റെ നാമധേയത്തിലുള്ള ഈ കുരിശുപള്ളിയുടെ സന്നിധാനത്തിലെത്തിനില്ക്കുമ്പോൾ നാം എല്ലാ ദുഃഖവും മറക്കും. ആശ്വാസത്തിന്റെ, അനുഗ്രഹത്തിന്റെ അഭൗമികപ്രപഞ്ചം നാമറിയാതെ നമുക്കു മുമ്പിൽ തുറക്കും. പാലാ കത്തീഡ്രൽ, ളാലം പഴയപള്ളി, ളാലം പുത്തൻപള്ളി എന്നീ പാലായിലെ മൂന്ന് ഇടവകകളുടെയും സംയുക്താഭിമുഖ്യത്തിലാണ് ജൂബിലിത്തിരുനാൾ ആഘോഷിച്ചുവരുന്നത്.

ഡിസംബർ 8 ജൂബിലിത്തിരുനാൾദിവസം കുരിശുപള്ളിക്കപ്പേളയിലെ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കാൻ പാലായിലും പരിസരപ്രദേശങ്ങളിലുമുള്ള നാനാജാതി മതസ്ഥർ എത്തിച്ചേരുന്നു. മാതാവിന്റെ അനുഗ്രഹം വാങ്ങി സംതൃപ്തിയോടെ അവർ മടങ്ങിപ്പോകുന്നു.

– ജോയി മുത്തോലി

### പ്രധാന തിരുനാൾ ഡിസംബർ 8

| | |
|---|---|
| 6.30 am | സുറിയാനി കുർബാന<br>സന്ദേശം<br>മാർ ജോസഫ് കല്ലറങ്ങാട്ട് |
| 8.00 am | മരിയൻ റാലി |
| 10.00 am | വി. കുർബാന, സന്ദേശം<br>റവ. ഫാ. [illegible] |
| 11.30 am | ജൂബിലി സാംസ്കാരികഘോഷയാത്ര,<br>ടൂവീലർ ഫാൻസിഡ്രസ് മത്സരം,<br>ബൈബിൾ ടാബ്ലോ മത്സരം |
| 4.00 pm | തിരുനാൾ പ്രദക്ഷിണം |
| 8.45 pm | തിരുനാൾ സന്ദേശം,<br>സമ്മാനദാനം<br>മാർ ജോസഫ് കല്ലറങ്ങാട്ട് |





ജൂബിലിത്തിരുനാൾ ആശംസകൾ!

**ചെറുവള്ളിൽ സ്റ്റോഴ്സ്**

ടൗൺ ബസ്സ്റ്റാൻഡിനു സമീപം, പാലാ

Ph: 04822- 212360 (Shop), 212016, 205429 (Res)

അരി, പലചരക്ക്, കാലിത്തീറ്റ, ബിരിയാണി ഐറ്റംസ്, സ്പൈസസ്, സ്റ്റേഷനറി etc...

**SINCERE BOOKS**

**GIFTS & STATIONERY**

നവീകരിച്ച A/C ഷോറൂം ടൗൺ ഹാളിന്റെ മധ്യഭാഗത്ത്

ഓരോ പർച്ചെയ്സിനും ഉറപ്പായ സമ്മാനം

TOWN HALL BUILDING, PALA. PH: 04822-211157, 9447231238

GOVT.BOOKS | NCERT TEXTS | PAPER | DIARIES | NOTE BOOKS | FILES | TOYS
OFFICE STATIONERY | GUIDE | CALCULATOR | SCHOOL / COLLEGE TEXTS
ENGLISH MALAYALAM NOVELS, STORY BOOKS etc...

WHOLESALE & RETAIL

ജൂബിലിത്തിരുനാൾ ആശംസകൾ




**YOUDHA MEATS** Mob:9496990584, 9946848408, 9349903315, 9495706241

**യൂദാ മീറ്റ്സ്**

പുഴക്കര, പാലാ PH: 8589942837

ആട്, പോത്ത്, പോർക്ക്, നാടൻ പന്നി,
വാരിയിറച്ചി, കരൾ, പോട്ടി, കറിയെല്ല്, തലച്ചോറ്

ഏറ്റുമാനൂർ
മണർകാട്
കുറുപ്പന്തറ
കടുത്തുരുത്തി
കൂടല്ലൂർ

ഞായർ അവധി

# അക്ഷരബോധനത്തിന്റെ നാൾവഴികൾ



ഡോ. തോമസ് മൂലയിൽ

മലയാളഭാഷയുടെ ഏറ്റവും വലിയ സവിശേഷത, അതിന്റെ അക്ഷരസമ്പത്താണ്. അക്ഷരസമ്പത്തുകൊണ്ട് ഇത്രയും ധന്യമായ പത്തു ഭാഷകൾപോലും ലോകത്തിലില്ല. അതുപോലെതന്നെ, ഉച്ചാരണസ്വനങ്ങൾ എഴുതിക്കാണിക്കാൻ തക്ക ലിപിവ്യവസ്ഥയുള്ള ലോകഭാഷകൾ വളരെ വിരളമാണ്. മലയാളം അക്ഷരോച്ചാരകഭാഷയാണ്. അതായത്, എഴുതുന്നതുപോലെ വായിക്കുന്ന ഭാഷ! അതുകൊണ്ട് സ്പെല്ലിങ് എന്ന പൊല്ലാപ്പ് ഈ ഭാഷയ്ക്കില്ല! മലയാളികൾ ആവേശത്തോടെ ആശ്ലേഷിക്കുന്ന ഇംഗ്ലീഷിന് അക്ഷരമില്ല, വർണമേയുള്ളു എന്നോർക്കണം. ഉച്ചാരണക്ഷമമായ വർണമാണ് അക്ഷരം. ഇംഗ്ലീഷിന്റെ 26 വർണങ്ങൾ പഠിച്ചതുകൊണ്ടുമാത്രം ഇംഗ്ലീഷ് വായിക്കാനാവില്ല. MOTHER എന്നെഴുതിയിട്ട്, ആ ലിപികൾമാത്രം പറഞ്ഞാൽ 'മദർ' എന്നു വായിക്കാനാവുമോ? അവിടെ എഴുത്ത് ഒന്ന്, ഉച്ചാരണം മറ്റൊന്ന്. മലയാളത്തിൽ 'തല' എന്നെഴുതിയാൽ വായിക്കുന്നത് 'തല' എന്നുതന്നെയാണല്ലോ. അർഥവും 'തല' എന്നുതന്നെ. സ്പെല്ലിങ്ങും ഉച്ചാരണവും അർഥവും എല്ലാം അതിലുണ്ട്. ഇതു വിരൽചൂണ്ടുന്നത് അക്ഷരപഠനത്തിന്റെ പ്രാധാന്യത്തിലേക്കാണ്.

**വൈദേശികസാക്ഷ്യങ്ങൾ**

അഞ്ഞൂറിലധികം വർഷംമുമ്പ് കേരളത്തിൽ അക്ഷരപഠനമുണ്ടായിരുന്നു എന്നതിനു ചരിത്രസാക്ഷ്യമുണ്ട്. വിദേശമിഷനറിമാരുടെ പ്രവർത്തനങ്ങൾ 15-ാം നൂറ്റാണ്ടുമുതൽ ഇവിടെ സാക്ഷരസമൂഹം രൂപപ്പെടുന്നതിനു നിമിത്തമായി എന്ന് കാതലീൻ ഗഫിനെപ്പോലുള്ള ചരിത്രഗവേഷകർ രേഖപ്പെടുത്തുന്നുണ്ട്. ബർത്തലോമിയ എന്ന കർമലീത്താമിഷനറി 'വോയിസ് റ്റു ഈസ്റ്റ് ഇൻഡീസ്' (Voice to East Indies) എന്ന കൃതിയിൽ (1796 - Rome) നിലത്തെഴുത്തുപഠനത്തിന്റെ രീതികൾ വിവരിക്കുന്നുണ്ട്. കുട്ടികൾ അർദ്ധനഗ്നരായി വൃക്ഷച്ഛായയിൽ ഇരിക്കുകയും മുന്നിൽ വിരിച്ച മണലിൽ വലതുകൈയുടെ ചൂണ്ടുവിരൽകൊണ്ട് അക്ഷരങ്ങൾ എഴുതുകയും ഇടതുകൈകൊണ്ടു മായ്ക്കുകയും വീണ്ടും എഴുതുകയും ചെയ്യുന്നു. ആശാൻ കുട്ടികൾക്കഭിമുഖമായി നിന്നുകൊണ്ട് അക്ഷരങ്ങൾ പരിശോധിക്കുകയും വേണ്ട നിർദേശങ്ങൾ നല്കുകയും ചെയ്യും. ലോകത്തിലെതന്നെ ഏറ്റവും ചെലവു കുറഞ്ഞ വിദ്യാദാനപ്രക്രിയയാണിത് എന്നാണു ബർത്തലോമിയായുടെ നിരീക്ഷണം. 17-ാം നൂറ്റാണ്ടിൽ ഡച്ച് ഇന്ത്യാ കമ്പനി ഉദ്യോഗസ്ഥനായിരുന്ന ന്യൂഹോഫ് പറയുന്നത്, കൈയക്ഷരകലയിൽ കേരളീയരെ അതിശയിക്കാൻ യൂറോപ്യൻ ജനതയ്ക്കും കഴിയില്ല എന്നാണ്. 1790 ൽ അലക്സാണ്ടർ വർക്കർ (Alexander worker)എന്ന ഇംഗ്ലീഷ് പടനായകൻ എഴുതിയ കുറിപ്പിൽ കുട്ടികളുടെ എഴുത്തിലും വായനയിലും ആശങ്കാകുലരായിരുന്ന രക്ഷാകർത്താക്കളെപ്പറ്റിയുള്ള പരാമർശമുണ്ട് (ഇ. ശ്രീജിത്ത്, മാതൃഭൂമി 2021 നവംബർ 15). 18-ാം നൂറ്റാണ്ടിലെ മൊത്തം ജനസംഖ്യയിൽ ഏതാണ്ട് 50 ശതമാനം പുരുഷന്മാരും 25 ശതമാനം സ്ത്രീകളും എഴുത്തും വായനയും അറിയാവുന്നവരായിരുന്നെന്ന് ജാക്ക് ഗൂഡി എഡിറ്റു ചെയ്ത 'ലിറ്ററസി ഇൻ ട്രഡീഷണൽ സൊസൈറ്റീസ്' (Literacy in Traditional Societies) എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തുന്നുണ്ട് (അമൃത് ജി. കുമാർ, മാതൃഭൂമി ആഴ്ചപ്പതിപ്പ് 2022 നവംബർ 6, പേജ് 32).

**റാണി ആയില്യം തിരുനാൾ**

റാണി ആയില്യം തിരുനാൾ ഗൗരി ലക്ഷ്മിബായിയുടെ 1817-ലെ രാജശാസനം ചരിത്രപ്രാധാന്യമുള്ള ഒന്നാണ്. അതിപ്രകാരമാണ്:



The state should defray the entire cost of the educa tion of its people in order, that there might be no back wardness in the spread of enlighten ment among them, that by diffusion of education they mi ght become better subjects and public serva-nts and that the population of the state might be advanced thereby" (Ibid., P. 35).

നിർദേശം ഫലവത്താകുന്നതിന്, ഗ്രാമീണസ്കൂളുകൾക്കു വലിയ പിന്തുണ നല്കുകയും ഓരോ സ്കൂളിലും രണ്ട് അധ്യാപകരെ നിർബന്ധമാക്കുകയും മലയാളം, ജ്യോതിശാസ്ത്രം എന്നിവ പഠിപ്പിക്കുന്നതിനു മലയാളം നന്നായി അറിയാവുന്ന ഒരധ്യാപകനെ നിയമിക്കുന്നതിനു നിർദേശം നല്കുകയും അവർക്കു ട്രഷറിയിൽനിന്നു ശമ്പളം നല്കുകയും ചെയ്തു (Ibid., P. 35).

**സ്വാതി തിരുനാൾ മഹാരാജാവ്**

തിരുവിതാംകൂറിനെ ആധുനികീകരിക്കാൻ മുഖ്യപങ്കുവഹിച്ച സ്വാതി തിരുനാൾ മഹാരാജാവ് 1834-ൽ ആരംഭിച്ച ഫ്രീസ്കൂളാണ് പിന്നീട് യൂണിവേഴ്സിറ്റി കോളജായത്. എട്ടു വയസ്സു പൂർത്തിയായ ഒറ്റക്കുട്ടിയും എഴുത്തും വായനയും അറിയാത്തതായി തിരുവിതാംകൂറിൽ ഉണ്ടാകരുതെന്ന സ്വാതി തിരുനാളിന്റെ കല്പനയെക്കുറിച്ച് 1841-ൽ ഇംഗ്ലണ്ടിലെ 'ഗാർഡനർ' മാസിക എഴുതിയതിനു ചരിത്രരേഖയുണ്ട് (രാജൻ ചെറുക്കാട്, സാമ്രാജ്യത്വം ഇന്ത്യൻ വിദ്യാഭ്യാസത്തിൽ-ഡി.പി.ഇ.പി. മുതൽ 'റൂസ' വരെ, കോഴിക്കോട് 2015, പേജ്192).



**ഹെർമൻ ഗുണ്ടർട്ട്**

മഹാനായ മലയാളി എന്ന വിശേഷണത്തിനർഹനായ ഹെർമൻ ഗുണ്ടർട്ടാണ് മലയാളഭാഷയിൽ ശാസ്ത്രീയമായ രീതികൾ അവലംബിച്ചുകൊണ്ട് പാഠപുസ്തകങ്ങൾ രചിക്കാനാരംഭിച്ചത്. തലശ്ശേരിയിൽനിന്ന് 1845-ൽ പ്രസിദ്ധീകരിച്ച 'പാഠാരംഭം' ആയിരിക്കണം അദ്ദേഹത്തിന്റെ ആദ്യത്തെ പാഠപുസ്തകം. അക്ഷരമാലയിൽ തുടങ്ങി മഹാഭാരതം കിളിപ്പാട്ടോളമെത്തുന്നതാണത്. മലയാളിയുടെ മനസ്സ് കൂടുതൽ ഗ്രഹിച്ചുകൊണ്ട് ആ ക്രൈസ്തവമിഷനറി തന്റെ ആദ്യഗ്രന്ഥത്തിന്റെ പരിമിതികൾ പരിഹരിച്ച് 1857-ൽ 'വലിയ പാഠാരംഭം' പ്രകാശനം ചെയ്തു. മലയാളഭാഷാബോധനത്തിനായി ഒരു സ്കീം ആദ്യമായി പുറത്തുവരുന്നത് ഈ ഗ്രന്ഥത്തിലൂടെയാണ്. മലയാളലിപിപഠനത്തിനു സ്വകീയമായ ഒരു രീതിശാസ്ത്രം വികസിപ്പിച്ചെടുത്ത ഹെർമൻ ഗുണ്ടർട്ട് തന്റെ ഗ്രന്ഥമായ 'വലിയ പാഠാരംഭ'ത്തിന്റ ആമുഖത്തിൽ തന്നെ ഇങ്ങനെ എഴുതി: "ഒരു മാസംകൊണ്ട് സകല എഴുത്തുകളും രണ്ടാം മാസത്തിൽ സ്വരയുക്തവർണങ്ങളും മൂന്നാമത്തേതിൽ കൂട്ടുവായനയോളവും നാല്, അഞ്ച്, ആറ് മാസങ്ങളിൽ കൂട്ടുവായനയും പ്രയാസംകൂടാതെ ഏതു കുട്ടിക്കും പഠിക്കേണ്ടതിന് ഗുരുക്കന്മാർ ഉത്സാഹിക്കണം. 'ഴ' കാരം 'ശ'കാരമായും 'ര'കാരം 'റ'കാരമായും 'ങ'കാരം 'ഞ'കാരമായും ഉച്ചരിക്കാൻ ഒരിക്കലും ന്യായമില്ല." അദ്ദേഹം ഒരു താക്കീതും നല്കുന്നുണ്ട്, അതിങ്ങനെ: "ഈ കുട്ടികൾ താണജാതിക്കാരാണല്ലോ; അവന്റെ നെല്ലും പണവും മുണ്ടും എനിക്കു കിട്ടിയാൽ മതി; ഈ പ്രകാരത്തിൽ ചൊല്ലിക്കൊടുത്താൽ പോരും എന്നും മറ്റും നിനയ്ക്കുന്ന ഗുരുക്കന്മാർ തന്റെ നിലയെ അപമാനിച്ചു സത്യത്തെ വിട്ടുനടക്കുന്നവരെന്നു നിശ്ചയം" (തോമസ് മൂലയിൽ (എഡി.), മലയാളപഠനവും അക്ഷരമാലയും, പേജ് 64 -65).





**ലിസ്റ്റൻ ഗാർത്‌വെയ്റ്റ്**

ഗുണ്ടർട്ടിനുശേഷം മലയാളഭാഷാപഠനത്തിനു നിസ്തുലമായ സംഭാവനകൾ നല്കിയതു ലിസ്റ്റൻ ഗാർത്‌വെയ്റ്റ് എന്ന ഇംഗ്ലീഷുകാരനായിരുന്നു. അദ്ദേഹം നിർദേശിച്ചു: "ഉച്ചാരണശുദ്ധിയില്ലായ്മ ഒരു പ്രശ്നംതന്നെയാണ്. മലയാളത്തിലെ പല അക്ഷരങ്ങളും സന്ദർഭംകൊണ്ടു ശബ്ദത്തെ സൂചിപ്പിക്കുന്നതാകയാൽ ഇംഗ്ലീഷുപദകോശങ്ങളിലെപ്പോലെ വിശദീകരണം നല്കുന്നതു നന്നായിരിക്കും. കൈയക്ഷരം നന്നാവാൻ പ്രത്യേകം പാഠഭാഗങ്ങൾ എഴുതിപ്പഠിപ്പിക്കണം. കുട്ടികൾ തെറ്റായി എഴുതിയാൽ അധ്യാപകർ ബോർഡിൽ ശരിതെറ്റുകൾ വേർതിരിച്ചെഴുതിക്കാണിക്കണം (The Essentials of Malayalam Grammar Deduced from Sentences).

**റാണി പാർവതിബായി**

പിന്നീടു ഭരണം നടത്തിയ റാണി പാർവതിബായി സ്ത്രീവിദ്യാഭ്യാസത്തിനു പ്രത്യേകം പ്രോത്സാഹനം നല്കിയിരുന്നതായും ചരിത്രസാക്ഷ്യമുണ്ട്. അവരുടെ ഭരണകാലത്തെ സ്ത്രീസാക്ഷരതയെപ്പറ്റി 1906-ലെ സ്റ്റേറ്റ് മാനുവലിലെ പരാമർശം വിസ്മയം ജനിപ്പിക്കുന്നതാണ്: "This was no small contribution for a Travan core Queen when we remember that in the early years of Queen Victoria of England the condition of women in England was far worse than in Travancore" (Ibid., P. 35).



**ആദ്യത്തെ പാഠപുസ്തകം**

തുടർന്നുള്ള കാലഘട്ടത്തിൽ, ആയില്യംതിരുനാൾ മഹാരാജാവിന്റെ കാലത്ത്, (1860-1880) മലയാളത്തിൽ പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്ന സമ്പ്രദായം നിലവിൽ വന്നപ്പോൾ, അക്ഷരപഠനത്തിനു ശാസ്ത്രീയമാനങ്ങൾ നല്കിക്കൊണ്ടാണ് കേരളവർമ വലിയ കോയിത്തമ്പുരാനും ഏ.ആർ. രാജരാജവർമയും ചിദംബരം വാധ്യാരും ചേർന്നു പാഠപുസ്തകം തയ്യാറാക്കിയത്.

മലയാളത്തെക്കുറിച്ചു പരാമർശിക്കുമ്പോൾ 'നമ്മുടെ ഭാഷ' എന്നു പറഞ്ഞ് അഭിമാനംകൊണ്ട ജർമൻകാരൻ ഗുണ്ടർട്ടിന്റെയും, അക്ഷരത്തെറ്റും ഉച്ചാരണപ്പിശകും കാണുമ്പോൾ വേദനിച്ചിരുന്ന ഇംഗ്ലീഷുകാരനായ ലിസ്റ്റൻ ഗാർവത്‌വെയ്റ്റിന്റെയും, മലയാളഭാഷയുടെ മഹാരഥന്മാരായ കേരളവർമയുടെയും കേരളപാണിനിയുടെയുമൊക്കെ പാത തുടർന്നാണു തൊണ്ണൂറുകളുടെ മധ്യംവരെയും നമ്മുടെ പാഠപുസ്തകങ്ങൾ തയ്യാറാക്കിയിരുന്നത്.

**ഡി.പി.ഇ.പി.**

നോം ചോംസ്കിയുടെയും പിയാഷെയുടെയും വിഗോട്സ്കിയുടെയും ഒക്കെ പേരിൽ അറിയപ്പെടുന്ന 'ഭാഷാസമഗ്രതാസമീപനം' (Whole Language Approach) ആധാരമാക്കിയുള്ള ഡി.പി.ഇ.പി. സമ്പ്രദായം 1996-98 കാലഘട്ടത്തിൽ കേരളത്തിൽ നടപ്പാക്കി. ഭാഷാപഠനം മനുഷ്യന്റെ നൈസർഗികമായ ജൈവചോദനയുടെ ഭാഗമാണെന്ന ആശയം 1955-ൽ പുറത്തിറക്കിയ Logical Structure of Linguistic Theory എന്ന ഗ്രന്ഥത്തിലൂടെ നോം ചോംസ്കി മുന്നോട്ടുവച്ചു. ഈ വിഷയത്തെ അധിഷ്ഠിതമാക്കി കെന്നത്ത് ഗുഡ്മാൻ സൂക്ഷ്മാംശങ്ങളിൽനിന്നു സ്ഥൂലാംശങ്ങളിലേക്കു നീങ്ങുന്ന പരമ്പരാഗതമായ പഠനസമ്പ്രദായത്തെ ഒഴിവാക്കി, സ്ഥൂലാംശങ്ങളുടെ പഠനത്തിൽനിന്നു വിദ്യാർഥികൾ സൂക്ഷ്മാംശങ്ങളിലേക്കു സ്വാഭാവികമായി എത്തിക്കൊള്ളുമെന്ന ആശയം മുന്നോട്ടുവച്ചു. ഇതാണ് 2005-ൽ പുറത്തിറക്കിയ നാഷണൽ കരിക്കുലം ഫ്രെയിം വർക്കിന്റെയും, 2007-ൽ പുറത്തിറക്കിയ കേരള കരിക്കുലം ഫ്രെയിം വർക്കിന്റെയും അടിത്തറ. സ്റ്റാനിസ്ലാസ് ദെഹെയ്ൻ എന്ന ഫ്രഞ്ച് കൊഗ്നിറ്റീവ് ശാസ്ത്രജ്ഞനും കൂട്ടരും 2000-ൽ 'ബ്രെയിൻ' എന്ന ശാസ്ത്രമാസികയിലൂടെയും 2009-ൽ പ്രസിദ്ധീകരിച്ച Reading in the Brain എന്ന ഗ്രന്ഥത്തിലൂടെയും ചോംസ്കിയുടെയും ഗുഡ്മാന്റെയും സിദ്ധാന്തത്തെ പൂർണമായും പൊളിച്ചടുക്കിയതാണ്. പക്ഷേ, ഈ പഠനങ്ങളൊന്നും പരിശോധിക്കാതെയും മനനം ചെയ്യാതെയുമാണ് ഡി.പി.ഇ.പി. അന്ധമായി നടപ്പാക്കാൻ ശ്രമിച്ചത്. അതിന്റെ പരിണതഫലമായാണ് ഇന്നു നാം കാണുന്ന എഴുത്തും വായനയും അറിയാത്ത യുവതലമുറ! ആലങ്കാരികമായി പറഞ്ഞാൽ, 'നിരക്ഷരസാക്ഷരകേരളം' നമ്മുടെ ആധുനികവിദ്യാഭ്യാസ 'വിലക്ഷണന്മാർ' സൃഷ്ടിച്ചെടുത്തു...!

■

# ദീപനാളം

കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ




കർത്താവിന്റെ വചനം സത്യമാണ്; അവിടുത്തെ പ്രവൃത്തി വിശ്വസനീയമാണ്.

സങ്കീർത്തനങ്ങൾ 33:4

**എഡിറ്റോറിയൽ**

## തിമിരം പിടിച്ച ക്യാമറക്കണ്ണുകൾ

സംസ്ഥാനത്തെ ഗതാഗതനിരീക്ഷണക്യാമറകളുടെ കണ്ണടഞ്ഞുതുടങ്ങിയിട്ടു നാളുകളേറെയായി. ഏതു കേസിലും പ്രതിയെ പിടിക്കാൻ ക്യാമറക്കണ്ണുകൾ പൊലീസിനു സഹായകമായിരുന്നെങ്കിൽ, ഇന്നു പ്രതിക്കൂട്ടിലാണു ക്യാമറയുടെ സ്ഥാനമെന്നതു വിചിത്രം! കേരളം ക്രിമിനലുകളുടെ ഹബ്ബാണെന്ന ചീത്തപ്പേരു കേൾപ്പിക്കുന്നതുവരെ കുറ്റകരമായ അനാസ്ഥ തുടരാനാണു സർക്കാരിന്റെ ഭാവമെങ്കിൽ, ജനത്തിനു പ്രതികരിക്കേണ്ടിവരും. സമരവും സമരാഭാസങ്ങളുംകൊണ്ടു പൊറുതിമുട്ടിയിരിക്കുന്ന കേരളത്തിൽ, ക്യാമറക്കണ്ണുകളിൽ ഇരുൾവീഴ്ത്തിയതിന്റെ പിന്നാമ്പുറങ്ങൾ തേടി ജനം തെരുവിലിറങ്ങേണ്ട ഗതികേടുകൂടി ഉത്തരവാദിത്വപ്പെട്ടവർ ഉണ്ടാക്കാതിരിക്കുകയാണു നന്ന്.

സംസ്ഥാനത്തു റോഡിൽ സ്ഥാപിച്ചിട്ടുള്ള സിസിടിവി ക്യാമറകളിൽ പകുതിയോളവും പ്രവർത്തിക്കുന്നില്ല എന്നതാണു കണ്ടെത്തൽ. പ്രവർത്തിക്കുന്നവയിൽത്തന്നെ കാലപ്പഴക്കംമൂലം ദൃശ്യങ്ങൾ വ്യക്തമല്ല. പൊലീസോ സർക്കാർ ഏജൻസികളോ സ്ഥാപിച്ച ക്യാമറകളുടെ നിജസ്ഥിതി പരിശോധിക്കാൻ ഡിജിപി നിർദേശിച്ചതിനെത്തുടർന്നാണ് പരിതാപകരവും കുറ്റകരവുമായ ഓഡിറ്റ്റിപ്പോർട്ട് പുറത്തുവരുന്നത്.

പൊലീസ് സ്ഥാപിച്ചിട്ടുള്ളത് 2006 സിസിടിവി ക്യാമറകളാണ്. ഇതിൽ 550 എണ്ണം പ്രവർത്തിക്കാതായിട്ടു മാസങ്ങളായി. ബാക്കി 1456 ക്യാമറകളിൽ പകുതിയോളവും പഴയ സാങ്കേതികവിദ്യയിലുള്ളതും പഴക്കംചെന്നതുമാണ്. കാലപ്പഴക്കംമൂലം ചിത്രം വ്യക്തമല്ല. ആളെ തിരിച്ചറിയാനും കഴിയുന്നില്ല. ചിത്രങ്ങളുടെ അവ്യക്തത സംശയത്തിന്റെ നിഴലിൽ നിരപരാധികളെ പ്രതിക്കൂട്ടിലാക്കുകയും കുറ്റവാളികളെ രക്ഷപ്പെടാൻ സഹായിക്കുകയും ചെയ്യുന്ന ദൗർഭാഗ്യകരമായ അവസ്ഥയ്ക്കും കാരണമാകുന്നുണ്ട്. ഇതെല്ലാം കേസന്വേഷണത്തെ വഴിമുട്ടിക്കുന്നതും ലജ്ജിപ്പിക്കുന്നതുമാണെന്ന് പോലീസുദ്യോഗസ്ഥർതന്നെ സമ്മതിക്കുന്നു.

കേന്ദ്രസർക്കാരിന്റെ ഫണ്ടുപയോഗിച്ച് സ്മാർട്സിറ്റി പദ്ധതിപ്രകാരം സ്ഥാപിച്ചതിന്റെയും മോട്ടോർവാഹനവകുപ്പ് സ്ഥാപിച്ചതിന്റെയും ചരിത്രവും മറിച്ചല്ലെന്നാണ് ഓഡിറ്റ്റിപ്പോർട്ട്. ഗുണമേന്മയില്ലാത്തവയും പഴയ സാങ്കേതികവിദ്യയിലുള്ളവയും വാങ്ങിയതാണ് പൊലീസിനു തിരിച്ചടിയായത്. കേടായാൽ നന്നാക്കുന്നതിനുള്ള പണമോ പദ്ധതികളോ കൂടിയാലോചനകളോ ഒന്നുമില്ലാത്തത് പ്രശ്നപരിഹാരത്തിനുള്ള വഴിയടയ്ക്കുകയും ചെയ്യുന്നു.

മോട്ടോർ വാഹനവകുപ്പിന്റെ സേഫ് കേരളപദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ റോഡുകളിൽ സ്ഥാപിച്ച 675 എഐ (ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അഥവാ നിർമിതബുദ്ധി) ക്യാമറകൾ ഏറെ കൊട്ടിഘോഷിക്കപ്പെട്ടെങ്കിലും ഇതുവരെയും പ്രവർത്തിച്ചുതുടങ്ങിയിട്ടില്ല. കെൽട്രോൺ നേരിട്ടു സ്ഥാപിച്ച ക്യാമറകളിൽനിന്നു കഴിഞ്ഞ ഏപ്രിൽ മുതൽ ദൃശ്യങ്ങൾ ശേഖരിക്കുന്നുണ്ടെങ്കിലും പ്രവർത്തനാനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ പിഴയീടാക്കാൻ കഴിഞ്ഞിട്ടില്ല. 30 ലക്ഷം രൂപവീതം ചെലവഴിച്ചാണ് ഓരോ ക്യാമറയും സ്ഥാപിച്ചതെന്നോർക്കണം. എ.ഐ. ക്യാമറകൾക്കു പുറമേ റെഡ് ലൈറ്റ് വയലേഷൻ, പാർക്കിങ് വയലേഷൻ ഡിറ്റക്ഷൻ ക്യാമറകളും ഉൾപ്പെടെ 726 ഗതാഗത നിരീക്ഷണക്യാമറകൾ സ്ഥാപിക്കുന്നതിനായി 235 കോടി രൂപയാണ് സേഫ് കേരളപദ്ധതിവഴി ചെലവഴിച്ചത്. മോട്ടോർവാഹനവകുപ്പും കെൽട്രോണും സംയുക്തമായി പൂർത്തിയാക്കേണ്ട പരിശോധനകൾ വൈകിയത് സാങ്കേതികതടസ്സമായി അവതരിപ്പിക്കാമെങ്കിലും ഇപ്പോൾ എല്ലാ കടമ്പകളും കടന്ന് അന്തിമാനുമതിക്കായി ധനവകുപ്പിന്റെ പരിഗണനയിലാണ്.

കേരളത്തിൽ നിലവിലുള്ള സിസിടിവി ക്യാമറകൾ അപര്യാപ്തമാകയാൽ തെലുങ്കാന മോഡൽ ക്യാമറനിരീക്ഷണം നടപ്പാക്കാൻ ഉന്നതപൊലീസ് തലത്തിൽ ആലോചനയായിട്ടുണ്ട്. സർക്കാർ സ്വകാര്യപദ്ധതിയിലൂടെ ക്യാമറനിരീക്ഷണം ശക്തമാക്കുന്നതിന് പൊതുസുരക്ഷാ സൊസൈറ്റികൾ രൂപവത്കരിക്കുകയും ക്യാമറകളുടെ പരിപാലനവും ഫണ്ടിങ്ങും സൊസൈറ്റികൾ വഹിക്കുകയും വേണം. അതേസമയം, മേൽനോട്ടം പൊലീസിനായിരിക്കും. ക്യാമറകളുടെ നിരീക്ഷണത്തിലായതോടെ കുറ്റകൃത്യങ്ങൾ കുറയ്ക്കാനായെന്നാണ് തെലുങ്കാന പൊലീസിന്റെ റിപ്പോർട്ട്. സ്വകാര്യപങ്കാളിത്തത്തോടെ 6 ലക്ഷം ക്യാമറകൾ ഇതിനോടകം തെലുങ്കാനയിൽ സ്ഥാപിച്ചുകഴിഞ്ഞു. 15 ലക്ഷം ക്യാമറകളാണ് അവർ ലക്ഷ്യമിടുന്നത്.

കേരളത്തിൽ സ്വകാര്യസ്ഥാപനങ്ങൾ പൊതുസ്ഥലത്തേക്കു വച്ച ക്യാമറ അരലക്ഷത്തിൽ താഴെ മാത്രമാണ്. റോഡും പൊതുസ്ഥലവുംകൂടി കാണുന്ന രീതിയിൽ സ്വകാര്യസ്ഥാപനങ്ങൾ ക്യാമറകൾ സ്ഥാപിക്കണമെന്ന ആശയം കേരളത്തിലും നടപ്പാക്കുന്നതിന് ഉന്നതപൊലീസുദ്യോഗസ്ഥരുടെ യോഗം ആഭ്യന്തരവകുപ്പിന് ഈയിടെ ശിപാർശ നൽകിക്കഴിഞ്ഞു.

റോഡുസുരക്ഷാനിയമങ്ങളും നിയമപാലനവും ഇത്രമാത്രം താറുമാറായ മറ്റൊരു സംസ്ഥാനവും ഇന്ത്യയിലുണ്ടാവില്ല. ഗതാഗതത്തിന്റെ പിഴവു വരുത്തിവച്ച അപകടമരണങ്ങൾക്കും ആഘാതങ്ങൾക്കും മുറിവേറ്റ ഓർമകൾക്കും കേരളം സാക്ഷ്യം വഹിച്ചതിനു കൈയും കണക്കുമില്ല. പൊതുഗതാഗതത്തിനും മനുഷ്യജീവിതത്തിനും അച്ചടക്കവും നിയന്ത്രണവും കൈവരാൻ നിരീക്ഷണക്യാമറകൾ വഹിക്കുന്ന പങ്ക് വിസ്തരിക്കേണ്ടതില്ലല്ലോ. പക്ഷേ, അവയുടെ കണ്ണടഞ്ഞുപോയാൽ, താറുമാറാകുന്നത് മനുഷ്യജീവിതമാണെന്ന് സർക്കാരും പൊതുജനവും സഗൗരവം ഓർമിക്കേണ്ടതാണ്. ■

# ആർച്ച്ബിഷപ് ക്ലാവുദിയോ ഗുജെറോത്തി പൗരസ്ത്യസഭകൾക്കായുള്ള വത്തിക്കാൻ കാര്യാലയത്തിന്റെ പ്രീഫെക്റ്റ്

പൗരസ്ത്യസഭകൾക്കായുള്ള വത്തിക്കാൻ കാര്യാലയത്തിന്റെ പ്രീഫെക്റ്റായി ഇറ്റലിക്കാരനായ ആർച്ചുബിഷപ് ക്ലാവുദിയോ ഗുജെറോത്തിയെ (ക്ലൗഡിയോ ഗൂഗെറോത്തി) ഫ്രാൻസിസ് പാപ്പാ നിയമിച്ചു.



79 വയസ്സുള്ള കർദിനാൾ ലിയോനാർഡോ സാന്ദ്രി സ്ഥാനമൊഴിയുന്നതിനാലാണ് 67 വയസ്സുള്ള ആർച്ചു ബിഷപ് ക്ലാവുദിയോ (ക്ലൗഡിയോ) ഈ സ്ഥാനത്തേക്കു നിയമിതനായത്. 1955 ൽ ഇറ്റലിയിലെ വെറോണയിൽ ജനിച്ച ഇദ്ദേഹം 1982 മേയ് 29ന് പൗരോഹിത്യം സ്വീകരിച്ചു. വെനീസിലെ 'കാ' ഫോസ്കറി' യൂണിവേഴ്സിറ്റിയിൽനിന്ന് പൗരസ്ത്യഭാഷകളിലും സാഹിത്യത്തിലും ബിരുദം നേടി. പൊന്തിഫിക്കൽ യൂണിവേഴ്സിറ്റി ഓഫ് അഥീനിയം സെന്റ് അൻസെൽമോയിൽനിന്നു പാസ്റ്ററൽ ലിറ്റർജിയിൽ ബിരുദാനന്തരബിരുദം നേടിയശേഷം പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് ഓറിയന്റൽ എക്ലെസിയാസ്റ്റിക് സയൻസസിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. വെനീസ്, പാദുവ, റോം എന്നിവിടങ്ങളിലെ സർവകലാശാലകളിലും പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിലും അദ്ദേഹം അധ്യാപകനായി സേവനം ചെയ്തിട്ടുണ്ട്.

1985 ൽ അദ്ദേഹം വത്തിക്കാനിലെ, ഓറിയന്റൽ ചർച്ചുകൾക്കായുള്ള കോൺഗ്രിഗേഷനിൽ ജോലി ചെയ്തു. 1997 ഡിസംബർ 17 ന് മാർപാപ്പാ നാല്പത്തിരണ്ടുകാരനായ അദ്ദേഹത്തെ അതേ കോൺഗ്രിഗേഷന്റെ അണ്ടർ സെക്രട്ടറിയായി നിയമിച്ചു. 2002 ൽ ജോൺ പോൾ രണ്ടാമന്റെ കൈകളാൽ മെത്രാഭിഷേകം നേടി.

ബെനഡിക്റ്റ് പാപ്പായുടെ കാലത്ത് ജോർജിയ, അർമേനിയ, അസർബൈജാൻ എന്നിവിടങ്ങളിലേക്കും ഫ്രാൻസിസ് മാർപാപ്പാ 2015 ൽ യുക്രെയ്നിലേക്കും പിന്നീട് 2020 ൽ ഗ്രേറ്റ് ബ്രിട്ടനിലേക്കും അപ്പസ്തോലിക് ന്യൂൺഷ്യോയായി അയച്ചു. വത്തിക്കാൻ നയതന്ത്രവിഭാഗത്തിൽ ഗ്രേറ്റ് ബ്രിട്ടനിൽ അപ്പസ്തോലിക് ന്യൂൺഷ്യോ ആയി സേവനം അനുഷ്ഠിച്ചുവരികെയാണ് പുതിയ നിയമനം. ഒരു എഴുത്തുകാരൻകൂടിയാണ് ആർച്ച് ബിഷപ് ക്ലാവുദിയോ.

**വായന**

### നിനക്ക് എന്റെ കൃപ മതി

വി. പൗലോസിന്റെ രണ്ടാം കൊറിന്ത്യ ലേഖനം വ്യാഖ്യാനം

ഗ്രന്ഥകർത്താ : മാർ ജോർജ് പുന്നക്കോട്ടിൽ
പ്രസാധനം : എസ്.എച്ച്. ലീഗ്, ആലുവ
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 200



പ്രേഷിതനെന്ന നിലയിൽ അപ്പസ്തോലന്റെ ആത്മീയാംശം ഇത്രയേറെ ഉൾപ്പെട്ടു കാണുന്ന മറ്റൊരു ലേഖനമില്ല. ഇവിടെ അപ്പസ്തോലൻ തന്റെ മുറിവുകൾ കാണിക്കുന്നു; ഹൃദയം തുറന്നുകാട്ടുന്നു. പൗലോസിന്റെ പ്രേഷിതവൃത്തിയുടെ സ്വഭാവത്തിലേക്കും പ്രേഷിതശുശ്രൂഷയിലേക്കും പ്രേഷിതവൃത്തി തനിക്കു തന്ന സഹനങ്ങളിലേക്കും അതോടൊപ്പം ദൈവാനുഭൂതിയിലേക്കും ഇത്രയേറെ വെളിച്ചം വിതറുന്ന മറ്റൊരു രേഖയില്ല.

---

### Holy Spirit
**He Who Gives Life**

**Author : Pope Francis**
**Publisher : Carmel Publishing House, Trivandrum**
**Price : ₹ 190**



പരിശുദ്ധാത്മാവിനെക്കുറിച്ച് ഫ്രാൻസിസ് മാർപാപ്പാ 'ലെ ഒസ്സർവത്തോരെ റൊമാനൊ' യിൽ എഴുതിയ ലേഖനങ്ങളുടെ സമാഹാരം.

---

### പ്രകാശവഴിയേ

പ്രമേയാടിസ്ഥാന വചനവായന

ഗ്രന്ഥകർത്താ : ഫാ. ജോസഫ് കൊച്ചുപുത്തൻപുരയിൽ
പ്രസാധനം : എസ്.എച്ച്. ലീഗ്, ആലുവ
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 225



വിശുദ്ധഗ്രന്ഥത്തെ സ്നേഹിക്കാനും തിരുവചനത്തിലെ ഈശോയെ നമ്മുടെ ജീവിത സാഹചര്യങ്ങളിൽ ആളുകൾക്കു പരിചയപ്പെടുത്താനും സഹായകമാകുന്ന ഗ്രന്ഥം.

# പുതുദൗത്യവുമായി വംഗനാട്ടിലേക്ക്

**■ നേവി ജോർജ്**

## ഡോ. സി. വി. ആനന്ദബോസ് ഇനി ബംഗാൾ ഗവർണർ



**ചി**റ്റേഴത്ത് വാസുദേവൻ നായർ ആനന്ദബോസ് എന്ന മാന്നാനംകാരൻ ഇനിമുതൽ വംഗദേശത്തെ ഒന്നാമത്തെ പൗരനാണ്. ദേശീയരാഷ്ട്രീയത്തിലെ ശ്രദ്ധേയസംഭവങ്ങളിലൊന്നായി സി.വി. ആനന്ദബോസിന്റെ പശ്ചിമബംഗാൾ ഗവർണർപദവി.

കൊൽക്കൊത്ത മഹാനഗരമുൾപ്പെടെയുള്ള പശ്ചിമബംഗാൾ ഇന്ത്യയുടെ ദേശീയചരിത്രത്തിൽ എക്കാലവും സുപ്രധാനസ്ഥാനം വഹിക്കുന്നു. മമതാ ബാനർജി എന്ന രാഷ്ട്രീയബുദ്ധികേന്ദ്രത്തെ നിയന്ത്രണത്തിൽ കൊണ്ടുവരികയെന്ന ഉത്തരവാദിത്വംകൂടിയാണ് പേരുകൊണ്ടും കർമമേഖലകൊണ്ടും 'പാതി വംഗദേശ'ക്കാരനായ ആനന്ദബോസ് എന്ന മലയാളിയിൽ നിക്ഷിപ്തമായിരിക്കുന്നത്. ചീഫ് സെക്രട്ടറി റാങ്കുണ്ടായിരുന്ന ബ്യൂറോക്രാറ്റിൽനിന്ന് പ്രോട്ടോക്കോളിൽ ഉന്നതമായ ഗവർണറിലേക്കുള്ള സ്ഥാനക്കയറ്റം സി.വി. ആനന്ദബോസിന് വെല്ലുവിളി നിറഞ്ഞതാണ്.

1951 ജനുവരി രണ്ടിന് കോട്ടയം ജില്ലയിലെ മാന്നാനത്തു ജനിച്ച ബോസ് പ്രാഥമികവിദ്യാഭ്യാസത്തിനുശേഷം മാന്നാനം കെ.ഇ. കോളജിലും ചങ്ങനാശേരി എസ്.ബി. കോളജിലും ഉന്നതവിദ്യാഭ്യാസം പൂർത്തിയാക്കി. 1977 ൽ സിവിൽ സർവീസസ് പരീക്ഷ പാസായി കേരളകേഡറിൽ ജോലിയിൽ പ്രവേശിച്ചു. ബിർള ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നു പി.എച്ച്.ഡി. നേടി. കളക്ടറായും പ്രിൻസിപ്പൽ സെക്രട്ടറിയായും അഡീഷണൽ ചീഫ് സെക്രട്ടറിയായും മറ്റുമുള്ള പ്രവൃത്തിപരിചയം മാത്രമല്ല, ഇംഗ്ലീഷ്, മലയാളം, ഹിന്ദി ഭാഷകളിൽ നാല്പതോളം പുസ്തകങ്ങൾ രചിച്ച സാഹിത്യകാരൻ എന്ന നിലയിലും സി.വി. ആനന്ദബോസ് ശ്രദ്ധേയനാണ്.

ബംഗാളിലെ സ്റ്റേറ്റ് ബാങ്കിൽ ഔദ്യോഗികജീവിതമാരംഭിച്ച സി.വി. ആനന്ദബോസ് തന്റെ സാഹിത്യരചനയിൽ ആദ്യത്തെ കഥയുടെ (ചൗരംഗിയിലെ പൂക്കൾ) പശ്ചാത്തലമായി വിവരിച്ചിരിക്കുന്നത് ബംഗാളിലെ ചൗരംഗിയാണ്. ആനന്ദബോസിന്റെ ആദ്യകവിത ബ്രഹ്മപുത്രാനദിയെക്കുറിച്ചുള്ളതുമാണ്. ന്യൂഡൽഹിയിലെ നാഷണൽ മ്യൂസിയത്തിന്റെ അഡ്മിനിസ്ട്രേറ്റർ എന്ന നിലയിൽ ഔദ്യോഗികജീവിതം അവസാനിപ്പിച്ച ആനന്ദബോസ് ഉപരാഷ്ട്രപതി ജഗ്ദീപ് ധർകർ ഒഴിഞ്ഞ കസേരയിലേക്കാണ് ആരോഹണം ചെയ്യപ്പെട്ടിരിക്കുന്നത് എന്നതും ശ്രദ്ധേയമാണ്.

നേതാജി സുഭാഷ് ചന്ദ്രബോസിനോടുള്ള ആരാധനയിൽനിന്നാണ് സ്വാതന്ത്ര്യസമരസേനാനിയായ പിതാവ് പി.കെ. വാസുദേവൻനായർ മകന്റെ പേരിനൊപ്പം ബോസ് എന്നു ചേർത്തത്. ഏഴു പതിറ്റാണ്ടുകൾക്കിപ്പുറം ശ്രീരാമകൃഷ്ണപരമഹംസർ, രാജാറാം മോഹൻ റോയി, വിവേകാനന്ദ സ്വാമികൾ, രവീന്ദ്രനാഥടാഗോർ, ഈശ്വര ചന്ദ്ര വിദ്യാസാഗർ, കേശബ് ചന്ദ്ര സെൻ, വി. മദർ തെരേസ, ആചാര്യ ജഗദീഷ് ചന്ദ്രബോസ്, ആചാര്യ പ്രഫുല്ല ചന്ദ്ര റേ, റിഷി അരവിന്ദ ഘോഷ്, പണ്ഡിറ്റ് രവി ശങ്കർ, സത്യജിത് റായ്, അമർത്യ സെൻ എന്നിവരുടെ ജന്മഭൂമിയുടെ പ്രഥമപൗരനാകാൻ സി. വി. ആനന്ദബോസിനു സാധിച്ചത് അദ്ദേഹത്തിന്റെ പ്രവർത്തനമികവിനുള്ള അംഗീകാരമായും പിതാവിനുള്ള ബഹുമതിയായും കണക്കാക്കാം.

ചെലവു കുറഞ്ഞ ഭവനപദ്ധതി നടപ്പാക്കിയ ഭരണാധികാരി എന്ന നിലയിൽ ആഗോളശ്രദ്ധ നേടിയ സി.വി. ആനന്ദബോസ് നാഫെഡ് എം.ഡി., നാളികേര വികസന ബോർഡ് ചെയർമാൻ, സെൻട്രൽ വെയർ ഹൗസിങ് കോർപറേഷൻ ചെയർമാൻ, റെയിൽ സൈഡ് വെയർഹൗസിങ് കമ്പനി ചെയർമാൻ, നാഷണൽ മ്യൂസിയം ഇൻസ്റ്റിറ്റ്യൂട്ടിന്റെ വൈസ് ചാൻസലർ, കേന്ദ്ര കൃഷിവകുപ്പ് അഡീഷണൽ സെക്രട്ടറി, കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ സെക്രട്ടറി, വിവിധ മന്ത്രാലയങ്ങളിൽ പ്രിൻസിപ്പൽ സെക്രട്ടറി, ശ്രീപദ്മനാഭസ്വാമിക്ഷേത്രത്തിലെ നിലവറകളിലുള്ള സമ്പത്തിന്റെ കണക്കെടുപ്പിനും മൂല്യനിർണയത്തിനുമായി കേന്ദ്രസർക്കാർ നിയോഗിച്ച സമിതിയുടെ തലവൻ, യു.എൻ. ഹാബിറ്റാറ്റ് അലയൻസ് ചെയർമാൻ എന്നീ പദവികളിൽ മികവു തെളിയിച്ചു.

2019 ൽ ബിജെപിയിൽ ചേർന്ന ബോസിന് മൂന്നു വർഷത്തിനിപ്പുറം പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വിശ്വസ്തൻ എന്ന നിലയിലേക്കുയരാൻ സാധിച്ചതാണ് പശ്ചിമബംഗാൾ ഗവർണർ പദവിയിലേക്കുള്ള വഴി തെളിച്ചത്. ബംഗാൾ സർക്കാരുമായുള്ള പോരാട്ടത്തിനല്ല, മറിച്ച്, ഭരണഘടനാനുസൃതമായി പ്രവർത്തിക്കാനും ജനാധിപത്യമൂല്യങ്ങൾ സംരക്ഷിക്കാനും ഉയർത്തിപ്പിടിക്കാനുമാണ് ലക്ഷ്യമിടുന്നതെന്ന് സി.വി. ആനന്ദബോസ് പറഞ്ഞത് ശുഭസൂചനയാണ്. ■

### ഡോക്ടറേറ്റ്



മഹാത്മാഗാന്ധി സർവകലാശാലയിൽനിന്ന് മലയാളസാഹിത്യത്തിൽ ഡോക്ടറേറ്റ് നേടിയ നേവി ജോർജ്. പാലാ സെന്റ് ജോസഫ്സ് എഞ്ചിനീയറിങ് കോളജ് പി.ആർ.ഒ.യായ നേവി ജോർജ് തീക്കോയി കൊല്ലംപറമ്പിൽ വി. ജോർജിന്റെയും ഏലമ്മയുടെയും മകനാണ്. ഭാര്യ: സോഫിയ, മകൻ: അർനോൾഡ്.

# അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കുടുംബവ്യവസ്ഥിതിയെ തകർക്കുന്നു: മാർ ജോസഫ് കല്ലറങ്ങാട്ട്



*മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികത്തോടനുബന്ധിച്ചും ലഹരിക്കെതിരെയും പാലാ രൂപത എസ്എംവൈഎം അരുവിത്തുറയിൽ സംഘടിപ്പിച്ച സമ്മേളനം ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു.*

പാലാ: അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സമൂഹത്തിൽ വർധിച്ചുവരുന്നുവെന്നത് കുടുംബഭദ്രതയെ തകർക്കുന്നുവെന്നു പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്. എസ്.എം.വൈ.എം. പാലാ രൂപതയുടെ നേതൃത്വത്തിൽ നടത്തിയ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. നല്ല രാഷ്ട്രീയ ചിന്തകൾ യുവജനങ്ങളിലുണ്ടാവുന്നത് ജനാധിപത്യത്തെ വളർത്താൻ സഹായിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ലഹരി, സദാചാരഗുണ്ടായിസം, ലിംഗസമത്വം, ഗർഭച്ഛിദ്രം, കുട്ടികൾക്കെതിരേ വർധിച്ചുവരുന്ന അതിക്രമങ്ങൾ, കൃഷിനാശം, ബഫർ സോൺ, ദളിത് ക്രൈസ്തവരുടെ അവകാശങ്ങൾ തുടങ്ങി സമീപകാലത്തു നടന്ന സംഭവങ്ങൾ ഉദാഹരണസഹിതം പിതാവ് സന്ദേശത്തിൽ എടുത്തുപറഞ്ഞു.

രൂപതയിലെ യുവജനങ്ങളുടെ രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് എസ്.എം.വൈ.എം. രൂപതാസമിതിയുടെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കുന്ന 'മറുപടി' മാസികയുടെ പ്രകാശനം ബിഷപ് നിർവഹിച്ചു. ലഹരിക്കെതിരേ എസ്.എം.വൈ.എം അംഗങ്ങൾ പ്രതിജ്ഞയെടുത്തു.

പാലാ രൂപത പ്രസിഡന്റ് ജോസഫ് കിണറ്റുകര അധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത സിഞ്ചെല്ലൂസ് മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, എ.കെ.സി.സി. രൂപത ഡയറക്ടർ ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ എന്നിവർ സംസാരിച്ചു. പൊതുസമ്മേളനത്തിനുശേഷം ടൗൺ ചുറ്റിയുള്ള റാലിയും ശക്തിപ്രകടനവും വിവിധ യൂണിറ്റുകളുടെ സഹകരണത്തിൽ നടത്തപ്പെട്ടു. അരുവിത്തുറപ്പള്ളി വികാരി ഫാ. ഡോ. അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിൽ റാലി ഫ്ളാഗ് ഓഫ് ചെയ്തു. രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, ഫൊറോനാ ഡയറക്ടർ ഫാ. ആന്റണി തോണക്കര, അസി. വികാരി ഫാ. ജോസഫ് തോട്ടത്തിൽ, എ.കെ.സി.സി. രൂപത പ്രസിഡന്റ് ഇമ്മാനുവൽ നിധീരി, എസ്.എം.വൈ.എം. ജോയിന്റ് ഡയറക്ടർ സി. ജോസ്മിത എസ്.എം.എസ്, വൈസ് പ്രസിഡന്റ് റിന്റു റെജി, ജനറൽ സെക്രട്ടറി ഡിബിൻ ഡൊമിനിക് തുടങ്ങിയവർ നേതൃത്വം നൽകി.

PALA STEEL & CEMENTS
Market Road, Pala
Ph: 04822-212977, 211882, 9447114015, 977813773
Authorised Dealers in:
JSW NEOSTEEL PURE TMT BARS
RAMCO SUPERGRADE
durashine TATA BLUESCOPE STEEL
TATA TISCON JOY OF BUILDING
METCON TMT BARS
TATA STRUCTURA

*കഥാസാരം: ഒരു നിർധന നമ്പൂതിരിക്കുടുംബത്തിലെ അഞ്ചു പെൺമക്കളിൽ മൂത്താളാണ് ഇന്ദുലേഖ. അവൾക്കു ദൂരെ ഒരു സ്കൂളിൽ ടീച്ചറായി ജോലി കിട്ടി. ജോയിൻ ചെയ്യാൻ ട്രെയിനിൽ പോകുമ്പോൾ ഇടയ്ക്ക് അച്ഛൻ പ്ലാറ്റ്ഫോമിൽ തലകറങ്ങിവീണ് ആശുപത്രിയിലായി. ട്രെയിനിലുണ്ടായിരുന്ന അഭിഷേക് എന്ന യുവാവ് അവളെ സ്കൂളിലെത്തിച്ചു. സ്കൂൾ മാനേജർ ആനന്ദന്റെ മകനാണ് അഭിഷേക് എന്നവൾ പിന്നീടറിഞ്ഞു. അവർ നല്ല സുഹൃത്തുക്കളായി. അതോടെ മറ്റ് അധ്യാപികമാർക്ക് അവളോട് അസൂയയായി. മാനേജർ ആനന്ദൻ ഒരു സ്ത്രീലമ്പടനായിരുന്നു. അയാളുടെ ഇഷ്ടത്തിനു പ്രതികൂലമായി നിന്നപ്പോൾ ഇന്ദുവിനോട് അയാൾക്കു ദേഷ്യമായി. മാനേജരുടെ വലംകൈയായ സ്നേഹലതടീച്ചർ, ഇന്ദുവും അഭിഷേകും തമ്മിൽ പ്രേമമാണെന്ന് ആനന്ദനെ തെറ്റിദ്ധരിപ്പിച്ചു. മാനേജർ കോപാകുലനായി.*

*(തുടർന്നു വായിക്കുക)*

നോവൽ 6

ഇഗ്നേഷ്യസ് കലയന്താനി

# മഴനിലാവ്

**ബം**ഗ്ലാവിന്റെ മുൻവശത്തെ വിശാലമായ വരാന്തയിൽ ഈസിച്ചെയറിൽ ചാരിക്കിടക്കുകയാണ് ഈട്ടിക്കൽ ആനന്ദൻ. തൊട്ടടുത്ത് ടീപ്പോയിൽ വിലകൂടിയ വിസ്കിയും അതിനരികിൽ പാതി നിറഞ്ഞ ഗ്ലാസും. മദ്യലഹരിയിൽ ശിരസ് ഒരു വശത്തേക്കു ചെരിച്ച് പാതിമയക്കത്തിലാണ് ആൾ. ആ സമയം ഭാര്യ ശ്രീദേവിയും മകൻ അഭിഷേകും വീട്ടിലുണ്ടായിരുന്നില്ല.

പള്ളിക്കരഗ്രാമത്തിലെ ഏറ്റവും ധനാഢ്യനാണ് ആനന്ദൻമുതലാളി. ഒരു ടെക്സ്റ്റയിൽ ഷോറൂം, സിനിമാ തിയേറ്റർ, ഹാർഡ്‌വെയർ ഷോപ്പ്, പെട്രോൾ പമ്പ് എന്നിവയ്ക്കു പുറമേ ഏക്കറുകണക്കിന് കൃഷിഭൂമിയുമുണ്ട് ആനന്ദന്.

പള്ളിക്കരയിലെ വിദ്യാധരൻ മെമ്മോറിയൽ സ്കൂൾ ആനന്ദന്റെ ഉടമസ്ഥതയിലാണ്. വർഷങ്ങൾക്കുമുമ്പ് അൺ എയ്ഡഡായി തുടങ്ങിയ സ്കൂൾ പിന്നീട് രാഷ്ട്രീയസ്വാധീനത്തിൽ എയ്ഡഡാക്കി മാറ്റുകയായിരുന്നു. ഒരു ട്രസ്റ്റിന്റെ കീഴിലാണ് സ്കൂൾ എങ്കിലും ട്രസ്റ്റിന്റെ ചെയർമാനും ഭരണസമിതിയംഗങ്ങളും ആനന്ദനും സ്വന്തക്കാരും മാത്രം.

ആനന്ദനു മക്കൾ മൂന്ന്. മൂത്ത മകൻ രാജീവ് അമേരിക്കയിൽ ഡോക്ടർ. ഭാര്യയോടും മക്കളോടുമൊപ്പം അവിടെ സ്ഥിരതാമസം. രണ്ടാമത്തവൾ രേഷ്മ. ചേർത്തലയിൽ ഒരു വ്യവസായപ്രമുഖന്റെ ഭാര്യയായി, കുടുംബിനിയായി കഴിയുന്നു. ഏറ്റവും ഇളയത് അഭിഷേക്. എം.ബി.എ. ബിരുദധാരിയായ അഭിഷേകാണ് ബിസിനസ്കാര്യങ്ങൾ നോക്കി ആനന്ദനോടൊപ്പം തറവാട്ടിൽ താമസിക്കുന്നത്.

അഭിഷേകിനെപ്പറ്റി നാട്ടുകാർക്കൊക്കെ നല്ല മതിപ്പാണ്. പാവങ്ങളെ സഹായിക്കും. പണക്കൊഴുപ്പിന്റെ അഹങ്കാരവും തലക്കനവുമില്ല. മദ്യപാനം, പുകവലി തുടങ്ങിയ ദുശ്ശീലങ്ങളുമില്ല. എല്ലാവരോടും ഹൃദ്യമായ പെരുമാറ്റം.

ആനന്ദന്റെ ഭാര്യ ശ്രീദേവിയുടെ സ്വഭാവഗുണങ്ങളാണ് അഭിഷേകിനു കിട്ടിയതെന്നു നാട്ടുകാർ പറയാറുണ്ട്.

അഭിഷേകിന്റെ സ്വഭാവത്തിനു കടകവിരുദ്ധമാണ് ആനന്ദന്റെ സ്വഭാവം. ഇല്ലാത്ത ദുശ്ശീലങ്ങളൊന്നുമില്ല. സ്ത്രീകൾ അയാൾക്കൊരു ബലഹീനതയാണ്. ഈ വിഷയത്തിൽ ഭാര്യയുമായി എന്നും വഴക്കാണ്.

അച്ഛന്റെ വഴിപിഴച്ച പോക്കിൽ അഭിഷേകും അസ്വസ്ഥനായിരുന്നു. എങ്കിലും എതിർത്തൊരു വാക്ക് പറഞ്ഞിട്ടില്ല ഇന്നോളം. അതുകൊണ്ടുതന്നെ ആനന്ദന് മറ്റാരേക്കാളും കൂടുതൽ സ്നേഹം അഭിഷേകിനോടായിരുന്നു. അഭിഷേകും ഇന്ദുവും തമ്മിൽ പ്രേമമാണെന്നു കേട്ടപ്പോൾ ചാടി എണീറ്റതും ഈ സ്നേഹാധിക്യം മൂലമാണ്.

"സാർ."

പാതിമയക്കത്തിലായിരുന്ന ആനന്ദൻ വിളികേട്ട് ഞെട്ടിയുണർന്നു. മുമ്പിൽ കൈകൂപ്പി ഭവ്യതയോടെ ഇന്ദുലേഖ. ചുവന്നുകലങ്ങിയ കണ്ണുകളുയർത്തി ആനന്ദൻ നോക്കി. ഒരു കഴുകന്റെ കണ്ണുകളോടെ ദാഹാർത്തമായ നോട്ടം.



"വാ..."

ഇന്ദുവിനെ ക്ഷണിച്ചിട്ട് അയാൾ എണീറ്റ് വേച്ചുവേച്ചു സ്വീകരണമുറിയിലേക്കു നടന്നു. ഭയന്നുവിറച്ചു പിന്നാലെ ഇന്ദുവും. ആനന്ദൻ വാതിലടച്ചപ്പോൾ ഇന്ദു പരിഭ്രാന്തയായി. അടിമുതൽ മുടിവരെ അവളെ ചുഴിഞ്ഞു നോക്കിയിട്ട് ആനന്ദൻ പറഞ്ഞു:

"കാഴ്ചയിൽ ഇയാളു പഞ്ചപാവമാ. കൈയിലിരിപ്പ് മഹാമോശവും."

ഒന്നും മിണ്ടാതെ, ചെന്നായയുടെ മുമ്പിലകപ്പെട്ട ആട്ടിൻകുട്ടിയെപ്പോലെ വിറച്ചുനിന്നതേയുള്ളൂ ഇന്ദു.

"എന്തിനാ ഇപ്പം തന്നെ വിളിപ്പിച്ചതെന്നറിയാമോ?" ആനന്ദൻ സൂക്ഷിച്ച് അവളെ നോക്കി.

"ഇല്ല."

"അഭിഷേകും നീയും തമ്മിലെന്താ ബന്ധം?"

"ഒരു ബന്ധവുമില്ല സാർ."

"സ്കൂളിലെ റ്റീച്ചേഴ്സ് കാര്യങ്ങളെല്ലാം എന്നോടു പറഞ്ഞു. എന്റെ ചോറു തിന്നോണ്ട് എന്റെ മകനെ വഴിപിഴപ്പിക്കാൻ നിനക്കെങ്ങനെ ധൈര്യം വന്നെടീ?"

"സാറു കേട്ടതൊക്കെ നുണയാണ്. എന്റെ സഹോദരനെപ്പോലെയാ ഞാൻ അഭിഷേക്സാറിനെ കണ്ടിട്ടുള്ളൂ. എന്നോടുള്ള വിരോധംകൊണ്ട് ചിലർ ഓരോന്നു പറഞ്ഞു പരത്തിയതാണ്."

"അഭിഷേകിനെ നീ ഇടയ്ക്കിടെ വിളിക്കാറുണ്ടോ?"

"ഇല്ല."

"നിനക്കവൻ കാശു വല്ലതും തന്നോ?"

നടന്നതെന്താണെന്ന് അവൾ വിശദമായി പറഞ്ഞു. അതു കേട്ടതും ആനന്ദൻ പറഞ്ഞു:

"ഇയാളെ ഇനിയും ഈ സ്കൂളിൽ തുടരാൻ അനുവദിച്ചാൽ നീ അവനെ അടിച്ചെടുക്കും. നിനക്കതിനുള്ള സാമർത്ഥ്യമുണ്ട്. എനിക്കെന്റെ മകൻ നഷ്ടമാകും. മകനെ മാത്രമല്ല, എന്റെ സ്വത്തും നീ അടിച്ചെടുക്കും."

"ഇല്ല സാർ. ഇനി ഞാൻ അഭിഷേകിനോടു സംസാരിക്കുകപോലുമില്ല. എന്നെ പിരിച്ചുവിടരുത്. എന്റെ ശമ്പളംകൊണ്ടു വേണം എന്റെ കുടുംബം കഴിയാൻ. വീട്ടിൽ ഒരുപാട് സാമ്പത്തികബുദ്ധിമുട്ടുണ്ട് സാർ." ഇന്ദു കൈകൂപ്പി അപേക്ഷിച്ചു.

"താൻ ധിക്കാരിയാ. ആദ്യദിവസം താനിവിടെ വന്നപ്പം ഞാൻ ഒരു ഗ്ലാസ് ചായ കൊണ്ടുതന്നിട്ട് താനതു കഴിച്ചില്ല. അന്നേ ഞാൻ നിന്നെ നോക്കിവച്ചതാ."

"അങ്ങനെയൊരു ബുദ്ധിമോശം കാണിച്ചുപോയി. ക്ഷമിക്കണം സാർ."

"രാജിവച്ചു പിരിഞ്ഞുപോയാൽ മാന്യമായിട്ടു നിനക്കു പോകാം. പിരിച്ചുവിട്ടാൽ നാറ്റിച്ചേ ഞാൻ വിടൂ. എന്താ വേണ്ടത്?"

"ജോലിയില്ലാതെ എനിക്കു വീട്ടിലേക്കു ചെല്ലാൻ പറ്റില്ല സാർ. അച്ഛൻ ഒരു വശം തളർന്നു കിടപ്പിലാണ്. ജോലി പോയീന്ന് അച്ഛനറിഞ്ഞാൽ ഹൃദയം പൊട്ടി മരിക്കും."

"ശരി. ഞാൻ പറയുന്നതൊക്കെ ഇനി അനുസരിക്കുമോ?"

"തീർച്ചയായും. ഞാനിനി അഭിഷേകിനോടു മിണ്ടില്ല. ഉറപ്പ്."

ആനന്ദൻ വേച്ചുവേച്ച് അവളുടെ അടുത്തേക്കു വന്നിട്ട് വലതുകൈ ഉയർത്തി അവളുടെ തോളിൽ വച്ചു. ആനന്ദന്റെ ഉദ്ദേശ്യം മനസിലായ ഇന്ദു തീപ്പൊള്ളലേറ്റപോലെ പിന്നാക്കം മാറി.

"ഞാനൊരു പാവമാ സാർ. എന്നെ ഉപദ്രവിക്കരുത് പ്ലീസ്."

"ഇതാണോ തന്റെ അനുസരണ? നേരേ ചൊവ്വേ നിന്നാൽ തന്റെ കുടുംബത്തെ ഞാൻ രക്ഷപ്പെടുത്താം. ഒരുപാട് കുടുംബങ്ങളെ ഞാൻ രക്ഷപ്പെടുത്തിട്ടുണ്ട്. ഇയാൾക്ക് എത്ര പണം വേണം?"

ആനന്ദൻ വീണ്ടും അടുത്തപ്പോൾ ഇന്ദു കൈകൂപ്പി അപേക്ഷിച്ചു.

"ഒന്നും വേണ്ട സാർ. ഈ ശരീരം കളങ്കപ്പെടുത്തിയിട്ട് ഒന്നും വേണ്ടെനിക്ക്. ദയവായി ഉപദ്രവിക്കരുത്."

"താനൊന്നും ജീവിക്കാൻ പഠിച്ചിട്ടില്ല. പോയി ശരിക്കൊന്ന് ആലോചിക്ക്, പണമാണോ ശരീരമാണോ വലുതെന്ന്. ഒരവസരം കൂടി ഞാൻ തരാം. പൊയ്ക്കോ."

അനുമതി കിട്ടിയതും ജീവൻ തിരിച്ചുകിട്ടിയ ആശ്വാസത്തിൽ ഇന്ദു വേഗം മുറിവിട്ടിറങ്ങി. ഗേറ്റു കടന്നു റോഡിലിറങ്ങിയപ്പോഴാണ് ശ്വാസം നേരേ വീണത്. സിംഹത്തിന്റെ ഗുഹയിൽനിന്നു രക്ഷപ്പെട്ടതുപോലുള്ള ആശ്വാസമായിരുന്നു അവൾക്ക്.

ആരെങ്കിലും കണ്ടോ എന്നു നാലുചുറ്റും നോക്കിയിട്ട് അവൾ ധൃതിയിൽ നടന്നു.

* * *

ഒരു തണുത്ത വെളുപ്പാൻ കാലം.

രാവിലെ അമ്പലത്തിൽ പോയിട്ട് താമസസ്ഥലത്തേക്കു മടങ്ങുകയായിരുന്നു ഇന്ദുലേഖ. കൂടെ പ്രേമയുമുണ്ട്. ധൃതിയിൽ നടന്നുവരുമ്പോൾ പൊടുന്നനെ ഒരു കാർ അവളുടെ മുമ്പിൽ സഡൻബ്രേക്കിട്ടു. ഇന്ദു നോക്കിയപ്പോൾ കാറിൽ അഭിഷേകും അമ്മ ശ്രീദേവിയും.

"എവിടെപ്പോയി?" അഭിഷേക് ആരാഞ്ഞു.

"അമ്പലത്തിൽ."

"കേറിക്കോ. താമസസ്ഥലത്ത് ഇറക്കാം."

"വേണ്ട. ഞങ്ങളു നടന്നോളാം."

"രണ്ടുപേരും കേറിക്കോ. ഞാനില്ലേ കൂടെ. പിന്നെന്താ? ആരും ഒന്നും പറയില്ല." ശ്രീദേവി നിർബന്ധിച്ചു.

ഇന്ദു ധർമസങ്കടത്തിലായി. കയറണോ? ആനന്ദൻസാർ അറിഞ്ഞാൽ പ്രശ്നാവില്ലേ?

"കേറന്നേ..."

അഭിഷേക് നിർബന്ധിച്ചപ്പോൾ ഡോർ തുറന്ന് പ്രേമ ആദ്യം കയറി. ഗത്യന്തരമില്ലാതെ ഇന്ദുവും കയറി.

ശ്രീദേവിയും അഭിഷേകും ഓരോന്നു ചോദിച്ചുകൊണ്ടിരുന്നു അവളോട്. ഇന്ദു ഉരുകുകയായിരുന്നു. ആനന്ദൻസാറെങ്ങാനും ഇതു കണ്ടാൽ?

അഭിഷേകിന്റെ വീടിന് അടുത്തെത്തിയപ്പോൾ കാർ നിറുത്തി. ഇറങ്ങുന്നതിനുമുമ്പ് ശ്രീദേവി മകനോടു പറഞ്ഞു:

"നീ ഇവരെ താമസസ്ഥലത്തു കൊണ്ടാക്കിട്ടു വാ.'

''വേണ്ട മാഡം. ഞങ്ങൾ നടന്നുപൊയ്ക്കൊള്ളാം.'

''കേറ്റിക്കൊണ്ടു പോന്നിട്ട് ഇടയ്ക്ക് ഇറക്കിവിടുന്നതു മോശമല്ലേ മോളേ? ഇവൻ കൊണ്ടാക്കുന്നേ. ഇവനു തിരക്കൊന്നുമില്ല."

ഇന്ദു പിന്നൊന്നും പറഞ്ഞില്ല. അഭിഷേകിന്റെ കാറിൽ താൻ ചെന്നിറങ്ങുന്നത് സ്നേഹലതയോ മറ്റോ കണ്ടാൽ? അവളത് ആനന്ദൻസാറിനോടു പറഞ്ഞാൽ? ഇനി ഒരിക്കലും അഭിഷേകിനോടു മിണ്ടില്ലെന്നു വാക്കുകൊടുത്തിട്ടു പോന്ന താൻ അയാളുടെ കാറിൽ കയറി താമസസ്ഥലത്തു ചെന്നിറങ്ങി എന്നറിഞ്ഞാൽ ആനന്ദൻസാർ സഹിക്കുമോ? പൊറുക്കുമോ?

ഇന്ദുവിന്റെ നെഞ്ചകം കത്തുകയായിരുന്നു.

താമസിക്കുന്ന വീടിന്റെ മുമ്പിൽ കാറുവന്നു നിന്നതും ഇന്ദു വേഗം ഇറങ്ങി. പിന്നാലെ പ്രേമയും.

"പോട്ടേ റ്റീച്ചർ?" അഭിഷേക് അനുമതി ചോദിച്ചതും അവൾ തലയാട്ടി. കാർ തിരിച്ചുപോയി.

ഇന്ദു തിരിഞ്ഞപ്പോൾ ഗേറ്റിനരികിൽ സ്നേഹലതയും രാജിയും. ഇന്ദുവും പ്രേമയും കാറിൽ നിന്നിറങ്ങുന്നതു നോക്കി നിൽക്കുകയായിരുന്നു അവർ. ഇന്ദു ഗേറ്റുകടന്നതും രാജി ചോദിച്ചു:

"അഭിഷേകുമുണ്ടായിരുന്നോ അമ്പലത്തിൽ പോകാൻ?"

"ഇല്ല. വഴിക്കുവച്ചു കണ്ടു കേറ്റിക്കൊണ്ടു പോന്നതാ.'

കൂടുതലൊന്നും പറയാതെ ഇന്ദു അകത്തേക്കു കയറിപ്പോയി. സ്നേഹലതയും രാജിയും പരസ്പരം നോക്കി മുഖംകൊണ്ട് എന്തോ ഗോഷ്ടി കാണിച്ചു.

(തുടരും)

3-ാം പേജ് തുടർച്ച

# ഇറാനിൽ ആഭ്യന്തരകലാപം

മഹ്സയെ പ്രവേശിപ്പിച്ച ആശുപത്രിക്കുമുമ്പിൽ പ്രതിഷേധിച്ച സ്ത്രീകളിൽ ചിലർ രോഷാകുലരായി തങ്ങളുടെ ശിരോവസ്ത്രങ്ങൾ വലിച്ചെറിഞ്ഞ് പൊതുനിരത്തുകളിൽ കൂട്ടിയിട്ടു തീവയ്ക്കുകയും, തലമുടി സ്വയം മുറിച്ച് സർക്കാരിനെ പരസ്യമായി വെല്ലുവിളിക്കുകയും ചെയ്തു. പൊലീസുമായി ഏറ്റുമുട്ടിയ ജനക്കൂട്ടം 'ഏകാധിപതി തുലയട്ടെ' എന്നും 'ഖമേനെയ്ക്ക് മരണമാണു ശിക്ഷ' എന്നും അർഥം വരുന്ന മുദ്രാവാക്യങ്ങളും മുഴക്കിയാണ് പ്രതിഷേധിച്ചത്.

ഇറാന്റെ ആധ്യാത്മികനേതാവ് അയത്തൊള്ള അലി ഖമേനെയിക്കും പ്രസിഡന്റ് ഇബ്രാഹിം റെയ്സിക്കുമെതിരേയാണ് ജനരോഷം ആളിക്കത്തുന്നത്. ഇവർ ഇരുവരുടെയും, ഇസ്ലാമിക് റിപ്പബ്ലിക്കിന്റെ സ്ഥാപകനായിരുന്ന അയത്തൊള്ള റൂഹല്ല ഖൊമേയ്നിയുടെയും ചിത്രങ്ങൾ തെരുവുകളിലിട്ടു കത്തിക്കുകയും മൂവരെയുംകുറിച്ച് നിന്ദാവാക്കുകൾ വിളിച്ചുപറയുകയും ചെയ്തു. ആധ്യാത്മികനേതാക്കളെ വിമർശിക്കുന്നത് കടുത്ത ശിക്ഷ ലഭിക്കുന്ന കുറ്റമാണെങ്കിലും ആയിരക്കണക്കിനു സ്ത്രീകൾ മക്കളോടൊപ്പമാണ് സമരമുഖത്തെത്തിയത്.

പടിഞ്ഞാറൻ ഇറാനിലെ അൽ ബോർസ് പ്രവിശ്യയിൽ സറീന ഇസ്മയിൽ സദേഹ് എന്ന 16 കാരി കെട്ടിടത്തിൽനിന്നു വീണു മരിച്ച സംഭവവും വിവാദമായി. സറീനയുടെ മരണം ആത്മഹത്യയാണെന്നു പറഞ്ഞ് സർക്കാർ കൈയൊഴിഞ്ഞെങ്കിലും സുരക്ഷാസേനയിലൊരാൾ ലാത്തികൊണ്ട് തലയ്ക്കു പിന്നിൽ അടിച്ചതിനെത്തുടർന്നാണ് അവൾ താഴെവീണതെന്ന് ആംനെസ്റ്റി ഇന്റർനാഷണൽ അടക്കമുള്ള മനുഷ്യാവകാശസംഘടനകൾ ആരോപിക്കുന്നു. സറീന അഞ്ചാം നിലയിൽനിന്നു ചാടി ആത്മഹത്യ ചെയ്യുകയായിരുന്നുവെന്ന് പ്രവിശ്യാ ഗവർണറും ചീഫ് ജസ്റ്റീസും തീർപ്പുകല്പിക്കുകയും ചെയ്തു.

മറ്റൊരു പടിഞ്ഞാറൻ നഗരമായ ഖുറാനബാദിൽനിന്നുള്ള നികാ ഷകരാമി എന്ന 16 കാരിയും കെട്ടിടത്തിൽനിന്നു ചാടുകയായിരുന്നുവെന്ന് സർക്കാരുദ്യോഗസ്ഥർ വാദിക്കുമ്പോൾ, മകളുടെ തലയ്ക്കുപിന്നിലെ മാരകമായ ക്ഷതം പോലീസിന്റെ മർദനമേറ്റുണ്ടായതാണെന്ന് നികയുടെ മാതാവ് പറയുന്നു. സർക്കാർവിരുദ്ധപ്രക്ഷോഭങ്ങളിൽ പങ്കാളിയായിരുന്ന നികയെ സെപ്റ്റംബർ 20 നു ശേഷം കണ്ടിരുന്നില്ലെന്നും 10 ദിവസത്തിനുശേഷം അവളുടെ മൃതദേഹമാണ് തങ്ങൾക്കു കാണേണ്ടിവന്നതെന്നും മാതാവായ നസ്റീൻ ആരോപിച്ചു. നികയുടെ 40-ാം ചരമദിനത്തിൽ അവളുടെ ശവകുടീരത്തിൽ പ്രാർഥനയ്ക്കെത്തിയ ജനത്തിനു നേരെയും പോലീസിന്റെ അതിക്രമമുണ്ടായി.

തെക്കുകിഴക്കൻ ഇറാനിലെ സഹേദാൻ നഗരത്തിൽ സെപ്റ്റംബർ 30-ാം തീയതി നടന്ന ഏറ്റുമുട്ടലിൽ 93 പേരാണു വെടിയേറ്റു മരിച്ചത്. പ്രായപൂർത്തിയാകാത്ത ഒരു പെൺകുട്ടിയെ പോലീസ് മേധാവി മാനഭംഗപ്പെടുത്തിയെന്ന വാർത്തയെത്തുടർന്നു സംഘടിപ്പിച്ച പ്രതിഷേധറാലിക്കു നേരെ പോലീസ് നിറയൊഴിക്കുകയായിരുന്നു. നൂറുകണക്കിനു യുവതികളും സ്കൂൾ/കോളജ് വിദ്യാർഥിനികളും സുരക്ഷാഭടന്മാരുമായി ഏറ്റുമുട്ടി. തെരുവുകളിലെല്ലാം ഒറ്റയ്ക്കും കൂട്ടമായും സൈന്യത്തെയും പോലീസിനെയും നേരിടുന്നതിനാൽ കലാപം കെട്ടടങ്ങുന്നുമില്ല.

പൊലീസിന്റെ തോക്കിനിരയായ ഒൻപതു വയസ്സുകാരൻ കിയാൻ പിർഫലാക്കിന്റെ സംസ്കാരച്ചടങ്ങിന് തെക്കുപടിഞ്ഞാറൻ നഗരമായ ഇസെയിലെത്തിയ വമ്പിച്ച ജനക്കൂട്ടം 'ഖമെനെയ് തുലയട്ടെ' എന്ന് ആർത്തുവിളിച്ചുകൊണ്ടാണ് വിലാപയാത്രയിൽ പങ്കെടുത്തത്. നെഞ്ചിൽ വെടിയേറ്റ കിയാനൊടൊപ്പം കാറിൽ സഞ്ചരിക്കുകയായിരുന്ന പിതാവിന്റെ മുതുകിലാണ് മൂന്നു വെടിയുണ്ടകൾ തറച്ചുകയറിയത്. ഇസെയിലെ മദ്രസയ്ക്കു തീയിട്ടതായി വാർത്തയുണ്ട്. മഹ്സയുടെ ജന്മസ്ഥലമായ കുർദിസ്ഥാൻ പ്രവിശ്യയിലെ സാക്വെസ് പട്ടണത്തിലും, ഇഷഹാൻ, തബ്രിസ്, മഹബാദ് തുടങ്ങി ഇറാനിലെ 80 നഗരങ്ങളിലെങ്കിലും തുടരുന്ന പ്രക്ഷോഭം മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തത്ര തീവ്രവും സുസംഘടിതവുമാണെന്നാണ് അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തുന്നത്.



ഇതിനുമുമ്പ് അരങ്ങേറിയ വലിയ മൂന്നു പ്രക്ഷോഭങ്ങളിലും ഇത്രമാത്രം തീവ്രത അനുഭവപ്പെട്ടിരുന്നില്ല. 2009 ലെ പാർലമെന്റു തിരഞ്ഞെടുപ്പിൽ നടന്ന ക്രമക്കേടുകളെച്ചൊല്ലി ഉയർന്നുവന്ന പ്രതിഷേധം നഗരകേന്ദ്രീകൃതമായിരുന്നു. സാമ്പത്തികരംഗം താറുമാറായതിനെച്ചൊല്ലിയായിരുന്നു 2017 ലെ കലാപം. 2019-20 കാലയളവിൽ പെട്രോൾ - ഡീസൽ വിലവർധനയ്ക്കെതിരേ നടന്ന പ്രക്ഷോഭത്തിൽ 1,500 പേരെങ്കിലും കൊല്ലപ്പെട്ടു. ഇപ്പോഴത്തെ പ്രശ്നങ്ങൾ രാഷ്ട്രീയമോ സാമ്പത്തികമോ അല്ലെന്നും സ്ത്രീകൾക്കുമേലുള്ള പുരുഷമേധാവിത്വത്തിനെതിരേയാണെന്നുമുള്ള പ്രത്യേകതയുണ്ട്. ഈ പ്രതിഷേധപ്രകടനങ്ങൾ മതത്തിനെതിരേയല്ലെന്നും അറുപഴഞ്ചനായ പ്രത്യയശാസ്ത്രങ്ങൾ അടിച്ചേല്പിക്കുന്ന മതനേതാക്കളുടെ കിരാതനയങ്ങൾക്കെതിരേയുള്ള സ്ത്രീകളുടെ നിലവിളിയാണെന്നും നിരീക്ഷകർ വിലയിരുത്തുന്നു. "സാൻ, സിന്ദഗി, ആസാദി" ("സ്ത്രീകൾ, ജീവിതം, സ്വാതന്ത്ര്യം") എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തിയാണ് സ്ത്രീകളുടെ മുന്നേറ്റം. ഹിജാബുകൾ വലിച്ചെറിഞ്ഞും കത്തിച്ചും, "ഞങ്ങൾക്ക് ഖുറാനും വേണ്ട, പള്ളിയും വേണ്ട" എന്നും അവർ വിളിച്ചുപറയുന്നു. ഈ പ്രതിഷേധങ്ങൾ മനുഷ്യമഹത്വം ഉയർത്തിപ്പിടിക്കുന്നതിനും വ്യക്തിസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ളതാണെന്നും അവർ വാദിക്കുന്നു.

ജനങ്ങളുടെ പ്രതിഷേധം അടിച്ചമർത്തിയാലല്ലാതെ അധികാരത്തിൽ തുടരാൻ കഴിയില്ലെന്ന സ്ഥിതിയാണ് ഭരണാധികാരികളെ വിഷമവൃത്തത്തിലാക്കിയിരിക്കുന്നത്. പണക്കാരും പാവപ്പെട്ടവരും, മുതിർന്നവരും കുട്ടികളും, തുർക്കികളും കുർദുകളും മറ്റെല്ലാ ജനവിഭാഗങ്ങളും ഒന്നിച്ചണിനിരക്കുന്ന വലിയ ജനമുന്നേറ്റമാണ് നടക്കുന്നത്. പ്രായപൂർത്തിയായ എല്ലാ സ്ത്രീകളും ഹിജാബ് നിർബന്ധമായും ധരിച്ചിരിക്കണമെന്നും എതിർക്കുന്നവരെ 'നല്ല പാഠം' പഠിപ്പിച്ചുവിടണമെന്നുമുള്ള ഉത്തരവ് ഈ മാസം ആറാം തീയതി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

തലയും കഴുത്തും നെഞ്ചും മറയ്ക്കുന്ന വസ്ത്രമാണ് ഹിജാബ്. മുഖം മറയ്ക്കണമെന്നില്ല. പക്ഷേ, തല മൂടുമ്പോൾ മുടി മുഴുവനായും കഴുത്തും മാറിടവും പൂർണമായും മറഞ്ഞിരിക്കണമെന്നും കർശനനിർദേശമുണ്ട്. പ്രവാചകനായ മുഹമ്മദിന്റെ വീടും അദ്ദേഹത്തിന്റെ ഭാര്യമാരുടെയും മക്കളുടെയും താമസസ്ഥലങ്ങളും തമ്മിൽ വേർതിരിക്കുന്ന ഒരു 'കർട്ടൻ' അല്ലെങ്കിൽ 'മറ' എന്നും ഹിജാബിനു വ്യാഖ്യാനമുണ്ട്. പ്രായപൂർത്തിയായ എല്ലാ സ്ത്രീകളും മാന്യമായി വസ്ത്രധാരണം ചെയ്തിരിക്കണമെന്നത് അല്ലാഹു പ്രവാചകനു നൽകിയ കല്പനകളിലൊന്നാണെന്ന് മുസ്ലീം മതപണ്ഡിതന്മാർ പറയുന്നു. 1983 മുതലാണ് ശരിയത്ത് നിയമങ്ങളനുസരിച്ചുള്ള വസ്ത്രധാരണരീതി ഇറാനിൽ കർക്കശമാക്കിയത്.

## നഷ്ടപ്പെടാൻ വിലങ്ങുകൾ

നിരാശയിൽ മുങ്ങിയ മനസ്സും പേറി നടക്കുന്ന ഒരു യുവതിയെ ബിബിസിയുടെ റിപ്പോർട്ടർ കണ്ടുമുട്ടിയപ്പോൾ അവർ പ്രതികരിച്ചത് ഇങ്ങനെ: "ഞങ്ങൾക്കൊന്നും നഷ്ടപ്പെടാനില്ല. ഭാവി അനിശ്ചിതമായി തുടരുന്ന ഒരു രാജ്യത്ത് എന്തു പ്രതീക്ഷിക്കാനാണ്? ഈ രാജ്യം എന്നെങ്കിലും നന്നാവുമെന്നു പ്രതീക്ഷിക്കാനും ഞങ്ങൾക്കാവുന്നില്ല."

ഇറാന്റെ പരമോന്നതനേതാവായ അയത്തൊള്ള അലി ഖമെനെയിയുടെയും പ്രസിഡന്റ് ഇബ്രാഹിം റെയ്സിയുടെയും മുന്നറിയിപ്പുകളെ അവഗണിച്ചുകൊണ്ട് പ്രക്ഷോഭം എല്ലാ പ്രൊവിൻസുകളിലേക്കും വ്യാപിച്ചുവെന്ന വാർത്തകളാണ് പ്രചരിക്കുന്നത്. ചിലയിടങ്ങളിലെങ്കിലും അക്രമാസക്തരായ ജനം സുരക്ഷാസേനയെ തോല്പിച്ചോടിക്കുകയും കൊലപ്പെടുത്തുകയും സൈനികവാഹനങ്ങൾ തീവച്ചു നശിപ്പിക്കുകയും ചെയ്തു. ഇറാൻ ഇസ്ലാമിക് റിപ്പബ്ലിക്കിന്റെ സ്ഥാപകനായ അയത്തൊള്ള റൂഹൊല്ല ഖൊമേയ്നിയുടെ ജന്മസ്ഥലമായ ഖൊമെയ്ൻ പട്ടണത്തിലെ പുരാതനമായ ജന്മഗൃഹം അഗ്നിക്കിരയാക്കിയെന്നതാണ് ഏറ്റവുമൊടുവിൽ വന്ന വാർത്തകളിലൊന്ന്. 1989 ൽ മരണമടയുന്നതുവരെ അദ്ദേഹം താമസിച്ചിരുന്ന ഈ വസതി ഒരു ചരിത്രമ്യൂസിയമായി ഇറാൻ ഭരണാധികാരികൾ സംരക്ഷിച്ചുവരികയായിരുന്നു. അഗ്നിബാധയെത്തുടർന്നുള്ള നാശനഷ്ടങ്ങൾ എത്രയെന്നു കണക്കാക്കിവരുന്നതേയുള്ളൂ.

പ്രക്ഷോഭകരോട് അനുഭാവം പ്രകടിപ്പിക്കാൻ ഹിജാബുകൾ മാറ്റിവച്ച് തെരുവിലിറങ്ങി പ്രതിഷേധിച്ച ചലച്ചിത്രതാരങ്ങളായ ഹെൻഗാമെ ഘസിയാനിയെയും കലയൂൺ റിയാഹിയെയും ഈ മാസം 20-ാം തീയതി ഞായറാഴ്ച തടവിലാക്കിയതായി ഔദ്യോഗികവാർത്താഏജൻസിയായ 'ഇർന' റിപ്പോർട്ടു ചെയ്തു. രണ്ടു മാസം പിന്നിട്ടുകഴിഞ്ഞ ആഭ്യന്തരകലാപം തൽസമയം റിപ്പോർട്ടു ചെയ്തുകൊണ്ടിരുന്ന മാധ്യമപ്രവർത്തകരിൽ 18 പേരെങ്കിലും വിവിധയിടങ്ങളിൽ കൊല്ലപ്പെട്ടതായി പറയപ്പെടുന്നു. 46 സുരക്ഷാഭടന്മാരും 56 കുട്ടികളടക്കം അഞ്ഞൂറോളം സാധാരണക്കാരും മരണമടഞ്ഞവരിൽപ്പെടും. 17,000 ത്തോളം പേരെ വിവിധ കുറ്റങ്ങൾ ചുമത്തി തുറുങ്കിലടയ്ക്കുകയും ചെയ്തിട്ടുണ്ട്.


ഇറാനിലെ സംഘർഷഭരിതമായ സംഭവവികാസങ്ങൾ അത്യന്തം ഉത്കണ്ഠയോടെയാണ് വിവിധ രാജ്യങ്ങളിലെ രാഷ്ട്രത്തലവന്മാർ നോക്കിക്കാണുന്നത്. ലിംഗസമത്വത്തിനും സ്ത്രീശക്തീകരണത്തിനുംവേണ്ടിയുള്ള ഐക്യരാഷ്ട്രസംഘടനയുടെ കമ്മീഷനിൽനിന്ന് അംഗങ്ങളിലൊന്നായ ഇറാനെ പുറത്താക്കണമെന്ന് പാശ്ചാത്യരാജ്യങ്ങൾ ആവശ്യപ്പെട്ടു. യു എൻ സെക്യൂരിറ്റി കൗൺസിൽ അടിയന്തരയോഗം വിളിച്ചുചേർത്ത് ഇറാനിലെ മനുഷ്യാവകാശലംഘനങ്ങളെ അപലപിക്കുകയും ജനകീയപ്രക്ഷോഭകർക്ക് പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ, തങ്ങളുടെ രാജ്യത്തെ ആഭ്യന്തരകലാപങ്ങൾക്കു പിന്നിൽ അമേരിക്കയും ഇസ്രായേലുമാണെന്നും ഇറാനെ വിഭജിക്കാനോ നശിപ്പിക്കാനോ ആരെയും അനുവദിക്കില്ലെന്നും ഇറാനിലെ ഭരണാധികാരികൾ പറയുന്നു. 'ഇതു ലിബിയയോ സുഡാനോ അല്ല' എന്നും അവർ ഓർമിപ്പിച്ചു. ഇറാനിലെ ജനങ്ങളോട് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് വിവിധ രാജ്യങ്ങളിൽ പ്രതിഷേധറാലികൾ സംഘടിപ്പിച്ചുവരുന്നു. മുസ്ലീംവിദ്യാർഥിനികൾക്ക് ഹിജാബ് നിരോധിച്ചുകൊണ്ടുള്ള കർണാടകസർക്കാരിന്റെ ഉത്തരവ് കോടതിയുടെ പരിഗണനയിലിരിക്കുന്നു.

ഈ മാസം 21-ാം തീയതി തിങ്കളാഴ്ച ലോകകപ്പ് ഫുട്ബോൾ മത്സരത്തിന് ഇംഗ്ലണ്ടുമായി ഏറ്റുമുട്ടുന്നതിനായി ദോഹയിലേക്കു പുറപ്പെടുംമുമ്പ് ടെഹ്റാൻ വിമാനത്താവളത്തിൽവച്ച് മാധ്യമപ്രവർത്തകരുമായി സംവദിച്ച ഇറാൻ ടീമിന്റെ ക്യാപ്റ്റൻ എഹ്സാൻ ഹജ്സാഫി തന്റെ ദുഃഖം പങ്കുവച്ചതിങ്ങനെയായിരുന്നു: "ഞങ്ങളുടെ രാജ്യം വലിയ പ്രതിസന്ധികളിലൂടെയാണ് കടന്നുപോകുന്നത്. കടുത്ത ദുഃഖഭാരത്തോടെയാണ് ഞങ്ങളുടെ യാത്ര. ഞങ്ങളുടെ രാജ്യത്തെ സ്ത്രീകൾ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടം തുടരുകയാണ്. കുട്ടികളടക്കം നിരവധി പേരാണ് തെരുവുകളിൽ മരിച്ചുവീഴുന്നത്. അവരുടെയെല്ലാം വേർപാടിൽ ഞങ്ങൾ ഹൃദയപൂർവം അനുശോചിക്കുന്നു." മത്സരത്തിനുമുമ്പുള്ള ദേശീയഗാനാലാപനസമയത്ത് മൗനം പാലിച്ച് താരങ്ങൾ അവരുടെ പ്രതിഷേധം അറിയിക്കുകയും ചെയ്തു.

ഇറാനിയൻ - കനേഡിയൻ സാമൂഹികപ്രവർത്തകയും എഴുത്തുകാരിയുമായ ഹമെദ് ഇസ്മായേലിയോൺ പ്രതിഷേധറാലികൾക്കിടയിൽ വിതരണം ചെയ്ത ലഘുലേഖയിലെ വരികൾ ജനങ്ങൾക്ക് ആവേശം പകരുന്നവയാണ്: "ഞങ്ങൾക്കൊരു സ്വപ്നമുണ്ട്, അതു സഫലമാകുമ്പോൾ ഞങ്ങളുടെ മുടിയിഴകൾക്കിടയിലൂടെ മന്ദമാരുതൻ കടന്നുപോകും. അപ്പോൾ, മധ്യകാലത്തിലെ അറുപഴഞ്ചൻ പ്രത്യയശാസ്ത്രങ്ങൾ പഠിക്കാൻ ഞങ്ങളുടെ മക്കൾ നിർബന്ധിക്കപ്പെടുകയില്ല. ഞങ്ങൾക്കൊരു സ്വപ്നമുണ്ട്, അതു സഫലമാകുമ്പോൾ ഞങ്ങളുടെ പെൺമക്കൾക്കു ഭയപ്പാടില്ലാതെ സ്കൂളുകളിൽ പോകാനാകും. അപ്പോൾ, ആരും അവരെ പിന്നിൽനിന്ന് ആക്രമിക്കുകയില്ല."

ആഫ്രോ-അമേരിക്കൻ വംശജനും പൗരാവകാശപ്രവർത്തകനുമായിരുന്ന മാർട്ടിൻ ലൂഥർ കിംഗ് ജൂണിയറിന്റെ ലോകപ്രശസ്തമായ പ്രസംഗത്തിലെ ആദ്യവരികൾക്കു സമാനമായ വാക്കുകൾ കേട്ട് ആവേശഭരിതരായ ഇറാനിലെ സ്ത്രീസമൂഹം ഒന്നടങ്കം സമരരംഗത്തുണ്ട്.

■




**ഡിസംബർ 4**
**മംഗളവാർത്തക്കാലം**
**രണ്ടാം ഞായർ**

സംഖ്യ 22 : 20–35
ഏശ 43 : 25 – 44 : 5
കൊളോ 4 : 2–6
ലൂക്കാ 1 : 26–38



# ഭയപ്പെടേണ്ട, കൂടെയുണ്ട് ദൈവം



ഡോ. ജോസഫ് കരികുളം

ഈശോയുടെ ജനനത്തെക്കുറിച്ചുള്ള സന്തോഷവാർത്തയാണ് മംഗളവാർത്തക്കാലം രണ്ടാമത്തെ ഞായറാഴ്ച പ്രഘോഷിക്കപ്പെടുന്നത് (ലൂക്കാ 1:26–38). ഇസ്രായേൽജനത്തിനു വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകനെ പരിപൂർണമനുഷ്യനായി ലോകത്തിനു നല്കാൻ ദൈവം തിരഞ്ഞെടുത്തത് നസറത്തിലെ മറിയത്തെയാണ്.

ഗബ്രിയേൽദൂതന്റെ സാന്നിധ്യം ദൈവികമഹത്വത്തെ സൂചിപ്പിക്കുന്ന അടയാളമാണ്; അതിനൊപ്പം, സകലത്തിന്റെയും നാഥനും നിത്യനുമായ ദൈവം ഭൂമിയിലേക്ക്, സൃഷ്ടിയിലേക്കു വരുന്നതിന്റെ ഏറ്റവുമടുത്ത ലക്ഷണംകൂടിയാണ്. മനുഷ്യൻ ദൈവത്തിങ്കലേക്ക് ഉയരണമെങ്കിൽ ദൈവം സ്വയം സൃഷ്ടിയിലേക്കിറങ്ങാൻ തയ്യാറാകണം. സൃഷ്ടിയിലേക്കിറങ്ങുക എന്നുവച്ചാൽ സൃഷ്ടിയാവുക എന്നുതന്നെയാണ്. ദൈവം തന്നെത്തന്നെ എളിമപ്പെടുത്തി നമ്മെപ്പോലെയാകാൻ, തന്റെ സൃഷ്ടിയുടെ രൂപം സ്വീകരിക്കാൻ, സന്നദ്ധനായി. അതു സൃഷ്ടികളും ബലഹീനരും പരിമിതരുമായ മനുഷ്യവർഗത്തിന് ദൈവം നല്കുന്ന പരിഗണനയും വിലയും സ്നേഹവും സൂചിപ്പിക്കുന്നു.

ദൈവമായ കർത്താവിന്റെ മനുഷ്യാവതാരം ഒരു ചരിത്രസംഭവംതന്നെയാണ്. അതു സൂചിപ്പിക്കുന്ന ഘടകങ്ങൾ ഇന്നത്തെ സുവിശേഷവായനയിൽ വ്യക്തമായിക്കാണാം.

ചരിത്രത്തിന്റെ ഉള്ളടക്കം സമയവും കാലവും സ്ഥലവും ഇവയിൽ ജീവിക്കുന്നവരുടെ പ്രവൃത്തികളും അവസ്ഥകളുമാണ്. അങ്ങനെയെങ്കിൽ, ഇതാ ഇവിടെ സമയമുണ്ട്, 'ആറാം മാസം'; കാലമുണ്ട്, 'മറിയം ജോസഫിനെ വിവാഹനിശ്ചയം ചെയ്തിരുന്ന കാലം'; സ്ഥലമുണ്ട്, 'ഗലീലിയിലെ നസറത്ത്'; കുറച്ചു മനുഷ്യരുണ്ട്, 'ദാവീദിന്റെ വംശത്തിൽപ്പെട്ട ജോസഫും മറിയവും.' തികച്ചും ലൗകികവും ചരിത്രപരവുമായ ഈ സാഹചര്യത്തിലേക്ക് അലൗകികവും ചരിത്രാതീതവുമായ ദൈവശക്തി വന്ന് ചരിത്രത്തെ ഉന്നതവും വ്യത്യസ്തവുമാക്കുന്നു.

രക്ഷകന്റെ മനുഷ്യാവതാരം ചരിത്രയാഥാർഥ്യമാകുന്നതിന്റെ പിന്നിൽ ദൈവത്തിന്റെ വാഗ്ദാനത്തിന്റെയും അതിന്റെ വളർച്ചയുടെയും പശ്ചാത്തലമുണ്ട്. ഇന്നത്തെ രണ്ടു പഴയനിയമവായനകളെയും സുവിശേഷവുമായി ബന്ധിപ്പിക്കുമ്പോൾ നമുക്കതു വ്യക്തമാകും.

ഒന്നാം വായന (സംഖ്യ 22:20–35) ഒരു പ്രവാചകന്റെ തിരിച്ചറിവുകളെക്കുറിച്ചുള്ള വിലയിരുത്തലാണ്. സാപ്പോറിന്റെ മകൻ ബാലാക്ക് ഇസ്രായേൽജനത്തെ ശപിക്കാൻ പ്രവാചകനായ ബാലാമിനെ ക്ഷണിക്കുന്നു. പോകരുത് എന്ന ദൈവത്തിന്റെ കർശനനിർദേശമുണ്ടായിട്ടും വാഗ്ദാനങ്ങളുടെ പ്രലോഭനത്തിൽ വീഴുന്ന ബാലാം അവരോടൊത്തു പോകാനുള്ള അവസരത്തിനായി ദൈവത്തിന്റെ അരുളപ്പാടിനായി കാത്തിരിക്കുന്നു (22:19). അവനെ പോകാനനുവദിക്കുമ്പോഴും 'താൻ ആജ്ഞാപിക്കുന്നതു മാത്രമേ ചെയ്യാവൂ' എന്നു ദൈവം കല്പിക്കുന്നുണ്ട്.

പോകേണ്ടിയിരുന്നില്ല എന്നതിന്റെ കർശനമായ സന്ദേശം ദൈവം ബാലാമിനു പോകുന്ന വഴിയിൽ വീണ്ടും നല്കുന്നു. (22:22–28). പ്രലോഭനങ്ങളുടെ വശീകരണത്തെ ദൈവശക്തിയാൽ അതിജീവിച്ച ബാലാം ദൈവത്തിന്റെ ഹിതം മൂന്നു പ്രാവശ്യം പ്രവചിക്കുന്നു (23:7–10; 23, 18–24; 24, 3–9). ആ മൂന്നു പ്രവചനങ്ങളുമാകട്ടെ, ബാലാക്ക് പ്രതീക്ഷിച്ചതുപോലെ ഇസ്രായേൽ ജനത്തിനുമേലുള്ള ശാപവാക്കുകളായിരുന്നില്ല. മറിച്ച്, ദൈവം ഇസ്രായേലിനെ സംരക്ഷിക്കുമെന്നുള്ള പ്രഖ്യാപനമായിരുന്നു. ആ പ്രവചനത്തിന്റെ ഉള്ളടക്കം ഇപ്രകാരമാണ്: "അവരുടെ ദൈവമായ കർത്താവ് അവരോടുകൂടെയുണ്ട്" (23:21). അതിനാൽ ഇസ്രായേല്യരുമായി യുദ്ധം ചെയ്തതുകൊണ്ട് ബാലാക്കിനു നഷ്ടംമാത്രമേ ഉണ്ടായുള്ളൂ.

"ദൈവകൃപ നിറഞ്ഞവളേ! സ്വസ്തി, കർത്താവു നിന്നോടുകൂടെ" (ലൂക്കാ 1:28). ഗബ്രിയേൽദൂതന്റെ ഈ വചനം മറിയത്തെ ഓർമിപ്പിക്കുന്നതും ഇസ്രായേൽജനത്തിന്റെ കൂടെയുള്ള ദൈവത്തിന്റെ ശക്തമായ സാന്നിധ്യമാണ്. രക്ഷയുടെ വഴിയിലൂടെ നടക്കുന്നവർക്കു രക്ഷയുടെ ചെയിതാവായ ദൈവത്തിന്റെ സംരക്ഷണവും സാന്നിധ്യവുമുണ്ട്. തന്റെ ജനത്തെ രക്ഷയിലേക്ക് എങ്ങനെ നയിക്കണമെന്നു വ്യക്തമായി പദ്ധതിയിടുന്ന ദൈവം പഴയനിയമത്തിൽ ബാലാമിനെ തിരഞ്ഞെടുത്തതുപോലെ ഇതാ, മറിയത്തെ തിരഞ്ഞെടുക്കുന്നു. 'ഇസ്രായേലിനെ അനുഗ്രഹിക്കുന്നതാണ് കർത്താവിനു പ്രീതികരമെന്നു മനസ്സിലാക്കിയപ്പോൾ' (സംഖ്യ 24:1) ബാലാം മറ്റൊന്നും ആലോചിക്കാതെ, അനുഗ്രഹത്തിന്റെ വചനങ്ങൾ ഉരുവിടാൻ തുടങ്ങി. മറിയത്തിനാകട്ടെ ദൈവഹിതം സ്വീകരിക്കുന്നതിന് ഒരു സംശയവും ഉണ്ടായിരുന്നില്ല. മറിയം പറഞ്ഞു: "ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ" (ലൂക്കാ 1:38).

ദൈവസന്നിധിയിൽ കൃപ കണ്ടെത്തിയ ദൈവത്തിന്റെ സ്വന്തജനമായ ഇസ്രായേലിന് ഭയപ്പെടേണ്ട കാര്യമില്ല എന്നതാണ് രണ്ടാം വായന (ഏശ 43:25–44:5) യുടെ സന്ദേശം. ഇസ്രായേലിലെ ജനം കർത്താവിന്റേതു മാത്രമാണ്, കർത്താവിനുള്ളതാണ് (44:5). ഇസ്രായേൽ എന്നുള്ളത് യാക്കോബിന്റെ മറ്റൊരു പേരാണല്ലോ. യാക്കോബിന്റെ മക്കളുടെ പേരിലുള്ള ഗോത്രങ്ങളുടെ കൂട്ടായ്മയാണ് ഇസ്രായേൽ രാജ്യം. ഇസ്രായേൽ ഭയപ്പെടേണ്ട എന്നു ദൈവം പറയുമ്പോൾ അത് ആ നാമം പേറുന്ന യാക്കോബിനും അവനിൽനിന്നു രൂപംകൊണ്ട വലിയ ജനതയ്ക്കുമുള്ള സമാശ്വാസസന്ദേശമാണ്.

ഇതേ ആശ്വാസസന്ദേശമാണ് കർത്താവ് മറിയത്തിനു നൽകുന്നതും. "ദൂതൻ അവളോടു പറഞ്ഞു: "മറിയമേ, നീ ഭയപ്പെടേണ്ട, ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു" (ലൂക്കാ 1:30). ദൈവത്തിന്റെ ആശ്വാസത്തിന്റെ സന്ദേശം ഒരു വ്യക്തിയോടെന്നപോലെ ഇസ്രായേലിനു പ്രവാചകൻ കൈമാറിയെങ്കിൽ, ഇതാ മറിയത്തിന് അതേ സന്ദേശം ദൈവം കൈമാറുന്നു. ഇസ്രായേലിന്റെ രക്ഷാചരിത്രം വളരുന്നത് യാക്കോബിന്റെ മക്കളിലൂടെയെങ്കിൽ, മനുഷ്യകുലത്തിന്റെ മുഴുവൻ രക്ഷയുടെ ആരംഭം മറിയത്തിൽനിന്നാണ്. അവളിൽനിന്നു ജനിക്കുന്നവൻ (1:33) അവസാനമില്ലാത്ത പുതിയ ഇസ്രായേലായ ദൈവരാജ്യത്തിനു രൂപം നല്കും.

മറിയത്തിന്റെ എളിമയുടെ മനോഭാവവും സംസാരത്തിലെ ഹൃദ്യതയും എല്ലാ ക്രിസ്ത്യാനികളും സ്വന്തമാക്കണമെന്നതാണ് പൗലോസ് ശ്ലീഹായുടെ ആഗ്രഹം (കൊളോ. 4:2–6). "നിങ്ങളുടെ സംസാരം എപ്പോഴും കരുണാമസൃണവും ഹൃദ്യവുമായിരിക്കട്ടെ. ഓരോരുത്തനോടും എങ്ങനെ മറുപടി പറയണമെന്ന് നിങ്ങൾ മനസ്സിലാക്കിയിരിക്കണം" (4:6). ക്രിസ്ത്യാനികളുടെ മുഖമുദ്രയായ സ്നേഹവും എളിമയും ഹൃദ്യതയും കൃത്രിമമായി നിർമിക്കപ്പെട്ടതോ അടിച്ചേല്പിക്കപ്പെട്ടതോ അല്ല. തങ്ങളുടെ പിതാവിന്റെ മനോഭാവമായ സ്നേഹം അവർക്കു പൈതൃകമായി ലഭിക്കുന്നതാണ്. ചരിത്രത്തിൽ വ്യാപരിക്കുന്ന ലൗകികതയിലേക്ക് ദൈവത്തിന്റെ അലൗകികമായ ശക്തി വ്യാപരിക്കുമ്പോൾ ക്രിസ്ത്യാനികൾ മറിയത്തെപ്പോലെ കർത്താവിനെ ഉള്ളിൽ സ്വീകരിക്കണം. പൂർവപിതാക്കന്മാർക്കു വാഗ്ദാനം ചെയ്യപ്പെട്ട രക്ഷയുടെ പ്രത്യക്ഷമായ ഫലം ഇന്നു നാമനുഭവിക്കുന്നു. ഭയമേതുമില്ലാതെ, ദൈവകൃപയിൽ ആശ്രയിച്ച്, കൂടെയുള്ള ദൈവത്തെ അനുഭവിച്ചു നമുക്കു മുന്നോട്ടുപോകാം.

■

ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



സിനി സാബു ഉറുമ്പേൽ
മേവിട

ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



സിബിച്ചൻ പുന്നോത്ത്
ഇരുമ്പയം

ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



മിനി
പാലാ

# പാലാ ടൗൺ കപ്പേളയിൽ
# അമലോദ്ഭവമാതാവിന്റെ ജൂബിലിത്തിരുനാൾ
**2022 ഡിസംബർ 1 വ്യാഴം മുതൽ 8 വ്യാഴം വരെ**

ജൂബിലിത്തിരുനാളിന് പ്രാർഥനാനിർഭരമായ ആശംസകൾ!
## പി. ഡി. ജോർജ് & സൺസ്
പൂവേലിൽ
കവീക്കുന്ന് – പാലാ
PHONE: 9447037247

തിരുനാൾ ആശംസകൾ!
ഭക്തജനങ്ങൾക്കു സ്വാഗതം
## ഹോട്ടൽ സംഗം
റിവർവ്യൂ റോഡ്, പാലാ
PHONE: 8547214108


ജൂബിലിത്തിരുനാൾ ആശംസകൾ
www.palatimbers.com
## Pala TIMBERS
Since 1969

Dealers in all kinds of Imported and Indian Woods
WHOLESALE & RETAIL
Market Jn., Ramapuram Road, PALA
Mob: 9447292736

തിരുനാൾ ആശംസകൾ!
അഞ്ചാം വയസ്സിലേക്ക്...
GRAND OFFER 10% to 20 %
## i test optics

Opp. Cherupushpam Hospital
Thodupuzha Road, PALA
Ph: 9188282526, 9188292526

ഞങ്ങളുടെ സവിശേഷതകൾ
- കംപ്യൂട്ടറിന്റെ സഹായത്തോടെ സൗജന്യ നേത്രപരിശോധന
- ലോകോത്തര ബ്രാൻഡുകളിലുള്ള ഫ്രെയ്മുകളും ലെൻസുകളും മിതമായ നിരക്കിൽ
- രാവിലെ 9.30 മുതൽ വൈകുന്നേരം 7.30 വരെ പരിചയസമ്പന്നരായ ഒപ്ടോമെട്രിസ്റ്റുകളുടെ സേവനം.
- വിശാലമായ പാർക്കിംഗ് സൗകര്യം.

തിരുനാൾ ആശംസകൾ!

## ഗ്രാന്റ് ഫുട്‌വെയർ
കോമളം ഷോപ്പിംഗ് കോംപ്ലക്സ്, എസ്ബിഐ ബാങ്കിനടുത്ത്
മെയിൻ റോഡ്, പാലാ
Mob: 9526666257, 9446195567

തിരുനാളാശംസകൾ!

## മണീസ് ടെയ്‌ലേഴ്സ്
ന്യൂ മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ്
റിവർവ്യൂ റോഡ്, പാലാ Phone: 9447145789
എല്ലാവിധ ജെന്റ്സ് വർക്കുകൾക്കും സമീപിക്കുക...
Prop: പി. ജി. മണി, പാലാ

തിരുനാളാശംസകൾ!

## MATHA STONE WORKS
NEAR K.S.R.T.C. BUS STAND, PALA
PH: 04822 216365, 04822 215409, 9387115585
Email: mathastone@gmail.com
Tomb works and other Stone works


ജൂബിലിത്തിരുനാൾ ആശംസകൾ
## ജോൺസൺ ഡ്രൈക്ലീനേഴ്സ്
SINCE 1954
വിശ്വാസ്യതയുടെ 68 വർഷങ്ങൾ
ഡ്രൈക്ലീനിംഗ് & സാരി പോളീഷിംഗ്
മെയിൻ റോഡ്, പാലാ PH: 04822 - 212353
പഞ്ചായത്ത് ബിൽഡിംഗ്, കൊഴുവനാൽ PH: 9446412753
മാന്താടി ഓപ്പൺ മാർക്കറ്റ്, കിടങ്ങൂർ PH: 9495992753
നിങ്ങളുടെ വസ്ത്രങ്ങൾ ഉത്തരവാദിത്വത്തോടെ വൃത്തിയായി ഡ്രൈക്ലീൻചെയ്യാൻ സമീപിക്കുക

Deepanalam Weekly
RNI No : 16998/68
Vol. 55 No. 38 Date of Publication 24 Nov 2022
Annual Subscription Rate ₹400 (For Abroad ₹4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

പാലാ ടൗൺ കപ്പേളയിൽ
അമലോദ്ഭവമാതാവിന്റെ ജൂബിലിത്തിരുനാൾ
2022 ഡിസംബർ 1 വ്യാഴം മുതൽ 8 വ്യാഴം വരെ

തിരുനാൾ ആശംസകൾ
Fathima EYE CARE GROUP
ഫാത്തിമ ഐ ഹോസ്പിറ്റൽ
പുതിയിടം ബിൽഡിംഗ്, രാമപുരം റോഡ്,
പാലാ 04822-201678, 7025927280
ബ്രാഞ്ചുകൾ : തൊടുപുഴ, ആലുവ, പെരുമ്പാവൂർ
ഗ്ലോക്കോമാ, ഡയബറ്റിക് റെറ്റിനോപ്പതി, കോങ്കണ്ണ് ചികിത്സകൾക്ക് അത്യാധുനിക സ്പെഷ്യാലിറ്റി വിഭാഗം
കുത്തിവയ്പ്പില്ലാതെ
തിമിരത്തെ വെറും 10 മിനിറ്റുകൊണ്ട് സുഖപ്പെടുത്തുന്നു

രോഗികൾ പതിവായി കഴിക്കുന്ന ഒരു മരുന്നും നിർത്തേണ്ടതില്ല
മെഡിസെപ് ക്യാഷ്‌ലെസ് ഇൻഷുറൻസ് സൗകര്യം ഉണ്ടായിരിക്കുന്നതാണ്.


ഇവാന
Mob: 9946891173, 7034080672
ലേഡീസ് ബ്യൂട്ടിപാർലർ
മുനിസിപ്പൽ കോംപ്ലക്സ് സ്റ്റേഡിയത്തിനു സമീപം
പാലാ
ടെയ്‌ലറിംഗ്


കാത് കുത്തിയും, കാത് ഒട്ടിച്ചും, പാലുണ്ണികൾ കരിച്ചും കൊടുക്കപ്പെടും.


MICRO BLADING, NAIL ART, HAIR EXTENSION
MAKE UP, STRAIGHTENING, EYE BROW, SMOOTHENING, BRIDAL MAKE UP, MODERN HAIRCUT etc.

3rd ANNIVERSARY
DENTCURE
FAMILY DENTAL CLINIC
ORTHODONTIC & IMPLANT CENTRE
Cappil Building,
Opp. Municipal Stadium,
River View Road, Pala 686 575
6282456743, 8610237339



മറ്റ് ഡോക്ടർമാരുടെ സേവനത്തിനൊപ്പം ഡോ. ആൽബിന്റെ സേവനം രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 2 മണിവരെ ഉണ്ടായിരിക്കുന്നതാണ്.
PARKING FACILITY AVAILABLE
OUR BRANCHES
DENTCURE FAMILY DENTAL CLINIC
Vellukunnel Building, Puliyannor P.O., Mutholy - 686 573
6282353107
SMILE CARE FAMILY DENTAL CLINIC
Punnathura Jn., Vettimukal, Ettumanoor 686 631
9947099603

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org